കഥാചന്ദ്രിക.

എറണാകുളം സെൻറ് മേരീസ് സി. വൈ. എം. എ.-യുടെ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നത്.

പുസ്തകം ൧. | ഫെബ്രുവരി ആഗസ്റ്റ്. | ലക്കം ൧൨.

മംഗളം.

"നാഴിപ്പാൽകൊണ്ടു നാട്ടിന്നവിരതകുതുകം
ചേത്തിട്ടന്നോരുവിദ്യ"-
യ്ക്കുഴിത്തട്ടിൽ പ്രതാപപ്രചുരിമപെരുകും
"ചന്ദ്രികേ!" നിൻെറ നാഥൻ
പാഴില്ലാതാഴിമാഴ്കും പടിപൊഴിയുമൊരാ
ഭവ്യനീരിൻസുഗന്ധം
താഴിപ്പിയ്യുഴി യാഴിയ്ക്കടിയിലഴിയുമാ
നാഴികയ്ക്കുത്തുവോളം.

(ശ്രീമാൻ ആർ. അയ്യൻപിള്ള തൊകലത്ത്.)

കാറുംകല്ലോലമാലയ്ക്കുഴിമതികിനി-
ക്കൈയ്യുമെന്നിൽപ്പെടാതേ
ചൊറുംപോറോണമീശാത്മജ! നിജതനയ-
ക്കപ്പലെത്തട്ടെനിങ്കൽ;
ഊറ്റംകൂട്ടുംതമസ്സിൽ പ്രബലതകുറവാൻ
"ചന്ദ്രിക"യ്ക്കും നിതാന്തം
മാറാംകൂടാതെമാറേറാറണ,മതുവഴിയാ-
ണെൻെറ മാഗ്പ്രകാശം.

("സാവകാശസന്താനം.")

വേദസാക്ഷിയായ ഒരു വൈദികൻ.

"സർവ്വസ്വവുംകൊണ്ടു പൊറുപ്പിക്കുക കർത്താവേ;
രക്ഷിപ്പാനാത്മാക്കളെത്തരേണം
സ്വത്തുക്കൾ പോകട്ടെയാരോഗ്യംപോകട്ടെ
പേരും പ്രശസ്തിയും മാഞ്ഞുപോട്ടെ.
തീക്ഷ്ണമായ് സ്നേഹത്താൽ കർത്തിയെരിയുമി-
ത്തിരുഹൃദാരാളം വിറകുവേണം.
നാടുകടത്തട്ടെ,യേകാന്തമാക്കട്ടെ
കൂട്ടുള്ളോർ നിന്ദിച്ചുവിട്ടുപോട്ടേ
മിത്രങ്ങൾ ചൂണ്ടുന്നകൈകളാൽ തീരെയെൻ
നേത്രത്തിലെബാഷ്പം പോകയില്ല
മാതാവിൻ ചുംബനസൗഖ്യവും വേണ്ടമേ
പാപികളായോരെ വേണം വേണം."

ഈ വരികൾ ആദ്യം ഫ്രഞ്ചുഭാഷയിലെഴുതിയ മെക്സിക്കോയിലെ ജെസ്വിത്ത് പുരോഹിതൻ ഫ്രൻസ് നവമ്പർ മാസം ഒമ്പാംനു വെടിവച്ചു കൊല്ലപ്പെട്ടു.

അന്നു പത്തും പതിനൊന്നും മണിയ്ക്കിടയിൽ മെക്സിക്കോ നഗരത്തിലെ പൊല്ലീസ് ഹെഡ്കൂപാട്ടറിൽ അശരണന്മാരായ അനേകം ഭടന്മാർ ഒരുങ്ങിനിന്നിരുന്നു. തോക്കൊഴിയ്ക്കുന്നതിനുള്ള കല്പനകാത്തു നിൽക്കുന്നവരായ കുറെ ഭടന്മാരും അവിടെ കാണപ്പെട്ടു. അടുത്തു ഒരു നിലവറമുറിയിൽ ഫാദർ മൈഹ്വൻപ്രൊ എന്ന പുരോഹിതൻ തന്റെ രണ്ടു കൂട്ടുകാരോടു യാത്രപറയുന്നുണ്ടായിരുന്നു. അവരെ കൊല്ലുവാൻ തീർച്ചയാക്കിയവിവരം അവർ അറിഞ്ഞിട്ടു വളരെയായില്ല. അവർ അവസാനയാത്ര പറയുന്നതു കണ്ടിട്ട് അവരെ അറസ്റ്റ് ചെയ്യാൻ കൂടിയ ഒരു ജെയിലർ മാപ്പുചോദിച്ചു. "ഞാൻ തനിക്കു മാപ്പുതരുന്നുവെന്നതന്നെയല്ല തന്നോടു കൃതജ്ഞതയുള്ളവനായിരിക്കുകൂടി ചെയ്യുന്നു." എന്നായിരുന്നു അയാളെ ആശ്ലേഷിച്ചുകൊണ്ടു ആ പുരോഹിതൻ മറുപടി പറഞ്ഞതു്. അനന്തരം അനുചരന്മാരുടെ മദ്ധ്യേ ശാന്തമായി നടന്നു് അദ്ദേഹം വെടിവയ്ക്കുന്നവരുടെ അടുക്കലേക്കു ചെല്ലുകയും രണ്ടു നിമിഷനേരം മുട്ടുകുത്തി പ്രാർത്ഥനനടത്തിയശേഷം എഴുന്നേറ്റു അവർക്കഭിമുഖമായി നിൽക്കുകയും ചെയ്തു. അദ്ദേഹം ആ കൊലയാളികളെ അനുഗ്രഹിച്ചു

ഇങ്ങിനെ പറഞ്ഞു. "ദൈവത്തിനു നിങ്ങളുടെ മേൽ കരുണതോന്നട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. . . . . കർത്താവെ എന്റെ നിരപരാധിത്വം നീ അറിയുന്നു. . . . . ഞാൻ പൂർണ്ണഹൃദയത്തോടുകൂടെ എന്റെ ശത്രുക്കൾക്കു മാപ്പുനൽകുന്നു" ഈ വാക്കുകൾക്കുശേഷം വലതു കയ്യിൽ കുരിശുരൂപവും ഇടതുകൈയിൽ ജപമാലയുമായി അദ്ദേഹം കൈകൾ വിരിച്ചു. "ക്രിസ്തുരാജൻ ദീർഘകാലം പരിലസിക്കട്ടെ" എന്നുച്ചരിച്ചതും വെടികൊണ്ടു തലകുത്തിവീണതും ഒന്നിച്ചുകഴിഞ്ഞു. ഒരുത്തൻ അവന്റെ തോക്കു ആ സാധുപുരോഹിതന്റെ തലമണ്ടയെ ലക്ഷ്യമാക്കി ഒഴിച്ചു.

ഇങ്ങിനെയാണു ഫാദർ പ്രൊ മരിച്ചതു. ജെനറൽ ഒബ്രഗോണിന്റെ വധത്തിന്നായി ദുരാലോചനകൾ ചെയ്തുവെന്നുള്ള കുറ്റം ചുമത്തി അദ്ദേഹത്തെ അവർ വിചാരണയൊ തെളിവൊ കൂടാതെ ശിക്ഷിക്കയാണു ചെയ്തതു. സത്യത്തിൽ അദ്ദേഹം ഉത്സാഹപൂർവ്വമായ ഒരു കത്തോലിക്കാ ജീവിതം നയിച്ചുവന്നതുതന്നെയാണു അദ്ദേഹത്തെ വെടിവയ്പാനുണ്ടായ ഹേതു. അദ്ദേഹത്തിന്റെ മരണശേഷം പലേ വിവരങ്ങളും വെളിയിൽ വന്നിട്ടുണ്ടു. അതിൽനിന്നു അദ്ദേഹം അസാധാരണ ധീരതയുള്ള ഒരു രക്തസാക്ഷി ആയിരുന്നുവെന്നു തെളിയുന്നു. അദ്ദേഹത്തിന്റെ സ്വഭാവം എഴുത്തുകളിൽ നിന്നു തന്നെ ഈ വസ്തുത തെളിഞ്ഞിട്ടുണ്ടു. അദ്ദേഹത്തിനു മരണമെന്നതു ഇടമുറിയാതെയുള്ള സ്വാതന്ത്ര്യാഗപ്രവൃത്തികളുടെ ശൃംഖലയിലെ അവസാനകണ്ണിമാത്രമായിരുന്നു. അദ്ദേഹം ഉത്സാഹിയായിരുന്നു; സമർത്ഥനായിരുന്നു; കരുണയുള്ളവനായിരുന്നു; നല്ലൊരുപ്രോക്തകാരനായിരുന്നു. എന്നാൽ ക്രിസ്തുഭടനും ആയിരുന്നു. ഫാദർ പ്രൊ മെക്സിക്കൊയിലെ കൊൺസെപ്ഷൺ ദെൽ ഓരൊ എന്ന പട്ടണത്തിൽ ഫ്രഞ്ച്-ജനുവരി ഫ്രഞ്ച്-ജനുവരി ജനിച്ചു. ഇരുപതാമത്തെ വയസ്സിൽ ഒരു ശോഭയിൽചേർന്നു. സ്പെയിൻ, ബെൽജിയം എന്നീരാജ്യങ്ങളിൽ വൈദികവിദ്യാഭ്യാസം ചെയ്തു. വൈദികപട്ടം സ്വീകരിച്ചുകഴിഞ്ഞയുടനെ ഉദരരോഗംസംബന്ധിച്ചു മൂന്നു പ്രാവശ്യം ശസ്ത്രക്രിയയ്ക്കു കിഴ്പ്പെടേണ്ടിവന്നു. അതിന്റെ ക്ഷീണം മാറുന്നതിനുമുമ്പു മെക്സിക്കോയിൽചെന്നു ജോലിചെയ്യാൻ അദ്ദേഹത്തിനു വൈദികമേലധികാരത്തിൽനിന്നു കല്പനകിട്ടി—പട്ടക്കാരാരും വൈദികശുശ്രൂഷ നടത്തിക്കൂടെന്നു അവിടത്തെ ഗവർമെന്റു ഉത്തരവായതിനുശേഷമാണു ദൈവഗത്യാ അദ്ദേഹം ആ രാജ്യത്തു എത്തിയതു. അതിൽപിന്നെയുള്ള ചരിത്രം അദ്ദേഹം എഴുതിയ കത്തുകളിൽനിന്നു

രുന്നു അറിയാം. അദ്ദേഹം പറയുന്നതിങ്ങനെയാണ്. "ദൈവത്തിന്റെ അസാധാരണ അനുമതിയാൽ ഞാൻ എന്റെ സ്വദേശത്തു പാർക്കാനിടയായി. ഗവർമേണ്ടുഅധികാരികൾ പുരോഹിതന്മാരേയും മതവിശ്വാസികളേയും രാജ്യത്തുനിന്നു ആട്ടിപ്പായിക്കുന്നതരത്തിലുള്ളവരായി. ഈയിടയിൽ എന്നെ രാജ്യത്തു കടപ്പാൻ എങ്ങിനെ അനുവദിച്ചുവെന്നു എനിക്കു നിശ്ചയമില്ല. ഹെൽത്ത് ആപ്പീസരന്മാർ എന്നെ തടഞ്ഞില്ല; എന്റെ പാസ്പോർട്ട ആരുംതന്നെ പരിശോധിച്ചതുമില്ല. തുറമുഖക്കാർ എന്റെ സാമാനങ്ങൾ പരിശോധിച്ചതുമില്ല..... അന്നു വൈകുന്നേരം ആറുമണിക്ക് (ജൂലൈ 4ൻ൩൯) ഞാൻ തുറമുഖംവിട്ടു പിറ്റേദിവസം രാവിലെ തലസ്ഥാന നഗരിയിൽ എത്തി. തലസ്ഥാനത്തു വേലചെയ്യാനാണ് മേലധികാരത്തിങ്കൽനിന്നു എന്നെ നിശ്ചയിച്ചതു്.....പരസ്യമായ ദേവാരാധനകൾ എല്ലാം തടയപ്പെട്ടതിനെക്കുറിച്ചു സംസാരമുണ്ടായിരുന്നതിനാൽ അവസാന നാളുകളിൽ അധികമധികം ആളുകൾ കുമ്പസാരം കൈക്കൊള്ളാൻ വന്നുകൊണ്ടിരുന്നു. അതിനാൽ രാവിലെ അഞ്ചുമണിമുതൽ പതിനൊന്നുമണിവരെ ഞാൻ കുമ്പസാരക്കൂട്ടിൽകലായിരിക്കും. വൈകുന്നേരവും മൂന്നരമുതൽ രാത്രി പത്തുമണിവരെ അതേ പ്രവൃത്തിതന്നെയാണ്. ഈ നിരന്തരമായ പ്രവൃത്തിക്കിടയിൽ ഒന്നുരണ്ടുതവണ ഞാൻ ക്ഷീണത്താൽ മോഹാലസ്യപ്പെട്ടുപോകയും എന്നെ ജനങ്ങൾ ശുശ്രൂഷിക്കയും ഉണ്ടായി. .....ദേവാലയങ്ങളിൽ ആരാധന തടയപ്പെട്ടശേഷം ഞാൻ കുമ്പസാരക്കാരോസ്ഥാനങ്ങളിൽ ഏർപ്പെട്ടുത്തി അവിടെയെല്ലാം കുമ്പസാരം എഴുന്നള്ളിച്ചുകൊണ്ടു പൊയ്ക്കൊണ്ടിരുന്നു. ദിവസം മുന്നൂറിൽപരം ആളുകൾക്കു ഞാൻ വി. കുമ്പസാരം കൊടുത്തു. ആദ്യവെള്ളിയാഴ്ചദിവസങ്ങളിൽ ഇതിലൊക്കെ വളരെയധികം ആളുകളുണ്ടായിരിയ്ക്കും. അവസാന വെള്ളിയാഴ്ചയാകുമ്പോഴേക്കു ഞാൻ ദിവ്യകാരുണ്യം നൽകി.....ഞാൻ കുമ്പസാരം കേൾപ്പാൻ പ്രത്യേക ദിവസം നിശ്ചയിച്ചിരുന്നു. വളരെ അന്തസ്സും അവസ്ഥയും നിലയും വിലയുംഉള്ള കുടുംബങ്ങളിൽനിന്നു പലരും എന്റെ അടുത്തു കുമ്പസാരത്തിനു വന്നുകൊണ്ടിരുന്നു.....രഹസ്യപ്പോലീസുകാർ വളരെ സൂക്ഷിയ്ക്കുന്നുണ്ടായിരുന്നു. ഈ നഗരത്തിൽതന്നെ പതിനായിരത്തിലധികം രഹസ്യ പൊല്ലീസുകാർഉണ്ട്. ഇവരൊക്കെയുണ്ടായിട്ടും ജ്ഞാനസ്നാനം, വിവാഹം, അന്ത്യകൂദാശ എന്നിവയൊന്നും നടത്തിക്കൊടുക്കുന്നതിൽനിന്നു ഞാൻ തടയപ്പെട്ടിരുന്നില്ല. ഒരാഴ്ചക്കിടയിൽ ഒരാറു വിവാഹങ്ങളുണ്ടാകും. എത്രപേർ മരണത്തിലേ

ജ്ഞ പാസ്പോർട്ട് മേടിച്ചവരുണ്ടെന്നു ഞാൻ അറിയുന്നില്ല..... പുരോഹിതന്മാരുടെ ആവശ്യം വളരെയുണ്ട്. ജനങ്ങൾ അന്യദേശക്കാർ കൈക്കൊള്ളാതെ മരിച്ചുപോകുന്നു. ഞങ്ങൾ മുതുക്കം ചിലരുള്ളവർക്കു ദേശക്കൊടുക്കുന്നതിനു നിവൃത്തിയും ഇല്ല. എന്റെ ഉദ്യോഗസ്ഥലത്തു രഹസ്യ പൊല്ലീസുകാർ രണ്ടുപ്രാവശ്യംവന്നു. ഒരാൾ രാവിലെ ആറരമണിക്ക് കുമ്പാനപൊല്ലനോടുത്തുവന്നു "പൊല്ലീസ്" എന്നു പറഞ്ഞു ജനങ്ങൾഎല്ലാം വളരെ പരിഭ്രമിച്ചു. ഞാൻ അവരെ പറഞ്ഞാശ്വസിപ്പിച്ചു. "നിങ്ങളുടെ തലയിൽനിന്നു മൂടുപടം എടുത്തു കളിച്ചുവച്ചിട്ടു നിശ്ശബ്ദമായി ഗുഹകളിൽ പോയിരുന്നുകൊൾക" എന്നു പറഞ്ഞിട്ടു ഞാൻ പൊല്ലീസുകാരെ അഭിമുഖീകരിച്ചു.

പൊല്ലീസു്:— ഇവിടെ പരസ്യാരാധന നടക്കുന്നുണ്ടല്ലൊ.

ഞാൻ:— ഇല്ലാ ഇവിടെ അതു നടക്കുന്നില്ല.

പൊ/ല്ലീ:— ഉണ്ടു; ഇവിടെ പരസ്യാരാധന നടക്കുന്നുണ്ടു്.

ഞാൻ:— മാന്യരേ, നോക്കിക്കൊൾക. അവർ നിങ്ങളെ 'കാട്ടുകോഴി പിടിക്കാൻ' അയച്ചിരിക്കുന്നു

പൊ:— എന്നാൽ പുരോഹിതൻ ഇവിടെ കടന്നുവരുന്നതു ഞാൻകണ്ടു

ഞാൻ:— അതിനെക്കുറിച്ചു വാതുകെട്ടേണ്ട ആവശ്യംഉണ്ടോ?

പൊ: — സ്ഥലപരിശോധനയ്ക്കു കല്പനയുണ്ടു്; വരിക, കാണിച്ചുതരിക.

ഞാൻ:— നിങ്ങൾതന്നെ കടന്നു പരിശോധിച്ചുകൊൾക. പരസ്യാരാധന നടക്കുന്നുണ്ടെങ്കിൽ വിവരമറിയിച്ചാൽ ഞാനും കുമ്പാനകാണാം.

അവർ പരിശോധനതുടങ്ങി. ഞാനും അവരൊന്നിച്ചുപോയി ഓരോ മുറിയിലും ഇന്നതാണു്, ഇന്നതാണു് എന്നു പറഞ്ഞുകൊടുത്തു. ഞാൻതന്നെ ആ കെട്ടിടത്തിന്റെ പലഭാഗങ്ങളും നടന്നു കാണാതെയുണ്ടായിരുന്നു. അവിടെ ഒരു കിടപ്പുമുറിയും, ഒരു തുന്നൽമുറിയും മറ്റും ഉണ്ടായിരുന്നു. പുരോഹിതനെ അവിടെയെങ്ങും കണ്ടില്ല. പോലീസുകാർ മുറിയുടെ വാതിലുകൾ ബന്ധവസ്സുചെയ്തിരുന്നു. ഞാൻ അതിനിടെ അവിടെ കുമ്പാന ഉൾക്കൊള്ളുന്നതിനുവന്ന ചില സ്ത്രീകളെ കാണുന്നതിനു പോയി. മടങ്ങിവന്നപ്പോഴും പുരോഹിതനെ കണ്ടുകിട്ടിയിരുന്നില്ല.

"പിന്നൊരിക്കൽ ഞാൻ ഒരു ഗൃഹത്തിലേയ്ക്കു ദിവ്യകാരുണ്യവും കൊണ്ടുപോകയായിരുന്നു. അപ്പോൾ ഞാൻചെന്ന ഗൃഹത്തിൽ രണ്ടു രഹസ്യ പൊല്ലീസുകാരുണ്ടായിരുന്നു. അവിടെ കടന്നതു മഹാ

അപകടമായി. തിരിച്ചുപോരികയെന്നതു ഭയത്തിന്റെ വികാരവും ആണല്ലൊ. അകത്തുള്ള ജനങ്ങളുടെ ആത്മീയാവശ്യം നടത്തിക്കൊടുക്കാതെ മടങ്ങുന്നതു എന്റെ മനസ്സിനു വളരെ പോരായ്മയായും തോന്നി. ഞാൻ ശാന്തതയോടെ അവരുടെ മുമ്പിൽചെന്നു. അവർ വീടിന്റെ നമ്പരെടുത്തു. എന്റെ സാധനങ്ങൾ പരിശോധിച്ചു് "ഇതിൽ ഒരു പൂച്ചയെ അടച്ചിട്ടുണ്ടു്" എന്നു പറഞ്ഞു് പട്ടാളരീതിയിൽ അഭിവന്ദിച്ചു് എന്നെ പറഞ്ഞയച്ചു. എന്റെ സാധനങ്ങളുംകൂടി കണ്ടിട്ടു ഞാനും അവരിൽ ഒരാളാണെന്നു എങ്ങിനെയോ അവർ ധരിച്ചുപോയതായി തോന്നുന്നു. അകത്തു കുമ്പാനം നടന്നില്ല. അതിനുള്ള സൗകര്യം അവിടെ ഉണ്ടായിരുന്നതുമില്ല. എന്നെ കണ്ടപ്പോഴേക്കു് വീട്ടുകാർക്കു വല്ലാത്ത ഭയവും പരിഭ്രമവുമായി. അവർ എന്നെ ഒരു പത്തായത്തിൽ ഒളിപ്പിക്കാനുള്ള ശ്രമമായി. "പോലീസുകാർ വീടുകാക്കുന്നതിനുള്ളതുകൊണ്ടു് എന്നെ പ്രത്യേകം സൂക്ഷിക്കേണ്ടതില്ലെന്നു" ഞാൻ പറഞ്ഞുവെങ്കിലും അതൊന്നും അവരുടെ കണ്ണുകളിൽ അപ്പോൾ ഏശിയില്ല. മേൽപുരയിൽകൂടി കടന്നുപൊയ്ക്കൊൾവാൻ അവർ എന്നോടുപറഞ്ഞു. ഞാനാകട്ടെ വന്ന വഴിയേതന്നെ ഇറങ്ങി പൊല്ലീസുകാരുടെ വന്ദനവും സ്വീകരിച്ചു വാങ്ങുകയും ചെയ്തു.

"എന്നെകണ്ടാൽ ഒരു വിദ്യാർത്ഥിയുടെമാതിരി ഇരുന്നതിനാൽ എന്നെ ആരും ഒരു പുരോഹിതനെന്നു സാധാരണ മനസ്സിലാക്കാറില്ല. രാവും പകലും ഞാൻ നന്മചെയ്തുകൊണ്ടു നടന്നു. ചിലപ്പോൾ എന്റെ കൈവശം ഒരു വടിയുണ്ടായിരിക്കും. ചിലപ്പോൾകൂടെ ഒരു പട്ടിയും ഉണ്ടായിരിക്കും. അതു എനിക്കൊരാൾ സമ്മാനിച്ചതാണു്..... "ഞാൻ ജെയിലുകളിലുംപോയി കുമ്പസാരം കേൾക്കാറുണ്ടു്. ജയിലുകളെല്ലാം കത്തോലിക്കരെകൊണ്ടു നിറഞ്ഞിരിക്കയാൽ അവിടെ ഞാൻ കൂടക്കൂടെ പോകാറുണ്ടു. തടവുകാർക്കു ഭക്ഷണങ്ങളും തലയിണ, പുതപ്പു, പണം, സിഗറെറുകൾ എന്നിവയും ഞാൻ കൊണ്ടുചെന്നു കൊടുക്കാറുണ്ടു്. ജെയിലന്മാർക്കു ഞാൻ എന്തുതരം പക്ഷിയാണെന്നു മനസ്സിലായിട്ടില്ല. അഥവാ മനസ്സിലാക്കുകയാണു ഭേദം. ഒരു പത്തുപതിനഞ്ചു ദിവസം ജെയിലിൽകിടന്നാൽതന്നെ ഞാൻ വകവയ്ക്കുന്നില്ല. ഇരുപതു ദിവസംമുമ്പു എന്നെ അറസ്റ്റുചെയ്യാൻ കല്പനയായി. എന്നാൽ ആ കല്പന നടത്തപ്പെട്ടില്ല.. ഞാൻ ഒളിക്കാറില്ല. ചെയ്യാനുള്ള കൃത്യം പകൽ പരസ്യമായി ചെയ്യുന്നു. സൂര്യപ്രകാശം മതിയാകാത്തിടത്തു ഇലക്ട്രിക്കു പ്രകാശത്തിന്റെ സഹായത്താലും ഞാൻ വേലചെയ്യുന്നുണ്ടു്.

ഫർഹാന്റെ ഡിസംബർ രണ്ടാംതീയതി ഞാൻ തടവുകാരനാക്കപ്പെട്ടു. അന്നു വൈകുന്നേരം എഴുമണിക്കു് അവർ എന്നെ മറ്റു ചില ചെറുപ്പക്കാരോടുകൂടി തടവിലാക്കി. രാത്രി കാരാഗൃഹത്തിന്റെ മിറ്റത്തു കിടന്നുറങ്ങി. "തടവുകാരെ ബുദ്ധിമുട്ടിക്കണം" എന്നുകൂടി കല്പനയിലുണ്ടായിരുന്നു. രാത്രി ഞങ്ങൾ ജപം ചൊല്ലുകയും പാടുകയും ചെയ്തു. അടുത്ത ദിവസം അവർ ഞങ്ങളെവിട്ടു കൈക്രൂലീചോദിച്ചുവെങ്കിലും അതു കൊടുപ്പാൻ ഞാൻ തയാറില്ലെന്നു പറഞ്ഞു.

ഇംഗ്ലണ്ടിലും അയർലണ്ടിലും സഭയെ അധികാധികം വ്യാപിപ്പിക്കേണ്ടതിലേക്കു് ക്രി.വ. 1700 പവൻ പിരിച്ചെടുപ്പാനുള്ള ഉത്സാഹത്തിനു ആ രണ്ടുസ്ഥലങ്ങളിലുമുള്ള വൈദികാധികൃതന്മാർ അനുവാദം നൽകിയിരിക്കുന്നു, ഇപ്രകാരം പിരിക്കപ്പെടുന്നതു കർദ്ദിനാൾബോൺ, മൂന്നു മെത്രാപ്പോലീത്താമാർ, നാലു അൽമേനിപ്രമാണികൾ എന്നിവർ ചേർന്ന ഒരു സംഘത്തിന്റെ സൂക്ഷിപ്പിൽ ആയിരിക്കും. ഇങ്ങിനെ പിരിക്കുന്ന ഈ ഫണ്ടു ബേങ്കിൽ സൂക്ഷിക്കയും അതിന്റെ പലിശ ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം പള്ളിപണിയിക്കുന്നതിനു വിനിയോഗിക്കയുംചെയ്യും. രണ്ടായിരം മുതൽ പതിനായിരംവരെ ജനങ്ങളുള്ള ന്യായടൗണുകളിൽ ഒരു പള്ളിപോലും ഇല്ലാതെയുണ്ടു്. മേൽപറഞ്ഞ തുക വലിയ ഒന്നാണെങ്കിലും ഇംഗ്ലണ്ടിന്റെ അവസ്ഥയ്ക്കു് പിരിഞ്ഞുകിട്ടുവാൻ വിഷമമില്ല. അമേരിക്കയിലും ഇപ്രകാരം ഒരു ദേവാലയവ്യാപകസംഘം ഉണ്ടു്. അവർ നാനൂറിലധികം പള്ളികളും പള്ളിക്കൂടങ്ങളും ഇതിനകം പണിയിച്ചുകഴിഞ്ഞു.

* * * *

ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തിൽ തന്റെ രാജ്യത്തിനുവേണ്ടി ആദ്യം പ്രാണൻ കളഞ്ഞ അമേരിക്കൻ ഒരു കത്തോലിക്കനാണു്. ഇദ്ദേഹം ഒരു ഇറാല്യൻ അമേരിക്കൻ കുടുംബത്തിൽ ഉത്ഭവിച്ചവനാണു്. ആ കുടുംബക്കാർ മഹാ ശ്രൂരന്മാരാണെന്നു പണ്ടുപണ്ടേ പ്രസിദ്ധി പൊറ്റവരാണു്. ജോൺഇസിഡോർ ഇയൊപൊലൂസി എന്നപേരായ ഇദ്ദേഹം പ്രസിഡണ്ടുവിൽസന്റെ മച്ചുപായയിൽ പണിക്കാരനുമായിരുന്നു. ആ മച്ചുപായയുടെ പേർ 'മേഫ്ളവർ' എന്നായിരുന്നു കടലിനടിയിൽ സഞ്ചരിക്കുന്ന ഒരു ജെർമൻ കപ്പലുമായുണ്ടായ യുദ്ധത്തിലാണു് ഇദ്ദേഹം മരിച്ചതു്.

മദ്രാമൂതം.

(റവ. തോമസ് മൂലപ്പറമ്പിൽ ബി. എ.)

(ആപൽഭയം.)

൪൦-ാംപെയിജിന്റെ തുടർച്ച.

വിക്ടോറിൽ ഒരു പഴയ സന്ന്യാസാശ്രമമുണ്ടെന്നു് അന്യത്ര പ്രസ്താവിക്കപ്പെട്ടിട്ടുണ്ടല്ലോ. ഇതു മൂന്നുനിലകൾ, അഥവാ, കൊമ്പുകളോടുകൂടിയ ഒരു ഭീമകെട്ടിടമാണു്. ദക്ഷിണോത്തരഭാഗങ്ങളിലെ രണ്ടു നീട്ടുകളും കിഴക്കുപടിഞ്ഞാറായിട്ടാണു് സ്ഥിതിചെയ്യുന്നതു്. മദ്ധ്യഭാഗത്തേതു് തെക്കുവടക്കായികിടക്കുന്നു. ഇതിനു് ഏകദേശം ഒരുനൂറു് അടി നീളവുമുണ്ടു്. ഈ കൊമ്പു്, മറ്റു രണ്ടുകൊമ്പുകളേയും അവയുടെ കിഴക്കേഅറ്റങ്ങളിൽനിന്നു സംഘടിപ്പിക്കുന്നു. നടുവിൽ തെക്കുവടക്കുകിടക്കുന്ന പ്രസ്തുത ഭാഗവും, വടക്കേകൊമ്പും ആശ്രമവാസികൾ താമസത്തിനുപയോഗിച്ചിരുന്നവയാകയാൽ, അവ അനേകം ചെറുമുറികളായി ഭാഗിക്കപ്പെട്ടിരിക്കുന്നു. ദേവാലയവും നടുവിലത്തെ കെട്ടിടവുമായി സംയോജിക്കുന്നസ്ഥലത്തു് ഒരുവിധം വിശാലമായ ഒരു മുറിയുള്ളതിലാണു് വികാരിയച്ചൻ താമസിക്കുന്നതു്. ഇതു് ആശ്രമശ്രേഷ്ഠത്തി സന്ദർശകരെ സ്വീകരിക്കുന്നതിനുപയോഗിച്ചിരുന്നതായിരിക്കണം. ഈ മുറിയിലേയ്ക്കു കയറുന്നതിനു് "കൊറിഡോർവരാന്ത"യിൽനിന്നും ഒരു വാതിൽഉണ്ടു്. അച്ചന്റെ ശയ്യാമുറി പ്രസ്തുത മുറിയോടു തൊട്ടുതന്നെയാണു്. തീരെ ചെറുതായ ഈ കിടപ്പു മുറിയോടുയോജിച്ചു തെക്കുവശത്തായി മറെറാരു ചെറുമുറിയുമുണ്ടു്. ഇതിൽ പ്രവേശിക്കുന്നതിനു് അച്ചന്റെ ശയ്യാമുറിയിൽനിന്നു മാത്രമേ നിവൃത്തിയുള്ളു. വരാന്തയിൽനിന്നു വാതിൽഇല്ല. ഇനി ഒരുസംഗതി ഓർക്കേണ്ടതുണ്ടു്. അതു് വരാന്ത, നടുവിലത്തെയും വടക്കേ അറ്റത്തെയും കെട്ടിടങ്ങളുടെ നാലുഭാഗങ്ങളിലുമുണ്ടെന്നുള്ളതാണു്. തെക്കേക്കൊമ്പു് ആശ്രമദേവാലയമായിരുന്നു. ഇപ്പോൾ അതാണു് വിക്ടോർ ദേവാലയം. വരാന്തയുടെ ഒരു ഭാഗത്തു് (അച്ചന്റെ മുറിയുടെ തെക്കുപടിഞ്ഞാറെ ഭാഗത്തു്)ഒരു ചെറിയ കുശിനിമുറിയും, അതിൽ അച്ചനു് കാപ്പിയുംമറ്റും അനത്തുന്നതിനുള്ള തീരെ ചെറിയ അടുപ്പുമുണ്ടു്. ഒരുപക്ഷേ. ഇതിലായിരിക്കാം ആശ്രമവാസികളിൽ, രോഗികൾക്കു് ഭക്ഷണസാധനങ്ങൾ പാകം ചെയ്യപ്പെട്ടിരുന്നതു്. ഈ ഊഹത്തിനു കാരണം താഴത്തേനിലയിൽ ഒരു വിശാലമായ മറെറാരു കുശിനിമുറിയും വലിയഅടുപ്പും മറ്റും കാണാനു

ള്ളതുതന്നെയാണു്. പ്രസ്തുത വലിയകുശിനിയിലുള്ള മേശപ്പുറത്തു് താക്കോലുകൾ വച്ചേക്കാനാണല്ലോ പ്രാൻസിസ് അച്ചൻ കൽപ്പാരോട് പറഞ്ഞതു്. അതനുസരിച്ചു് അവൻ ആ മുറിയിൽ പ്രവേശിച്ചു് അതിന്റെ രണ്ടു പ്രവേശനമാർഗ്ഗങ്ങളും നന്നായിസൂക്ഷിച്ചു മനസ്സിലാക്കി താക്കോലുകൾ മേശപ്പുറത്തു വച്ചും വച്ചു്, ആ മേശയുടെ വലിപ്പു വലിച്ചു തുറന്നു് അതിലെ സാമാനങ്ങൾ എല്ലാം പരിശോധിച്ചു. ആദ്യം അവന്റെ ദൃഷ്ടിയിൽ പെട്ടതു് ഒരു ചെറിയ പേനാക്കത്തിയാണു്. അച്ചന്റെ പേരിലുള്ള എഫ് എന്ന ആദ്യക്ഷരം കൊത്തിയ ഒരു വെള്ളിത്തകിടു് കത്തിയുടെ പിടി തുറന്നു് അതിൽ ഭംഗിയായി വയ്പ്പെട്ടിരുന്നു. അവൻ അതെടുത്തു വിടർത്തി അതിന്റെ വായ് പരിശോധിച്ചു. "ഓഹോ! ഇതു വളരെ മൂർച്ചയുള്ളതാണല്ലോ." എന്നുപറഞ്ഞിട്ടു് ഒരു കാരിപോലെ അതുപിടിച്ചു് ഒന്നു വീശിനോക്കി. "ഏറ്റവും എളുപ്പമായ മാർഗ്ഗം ഇതാണു്. എങ്കിലും ഇതു നമുക്കിപ്പോൾ വേണ്ടാ. ഹേ, ഹേ, ചുവന്നവെള്ളം കാണണമെങ്കിൽ, ഞാൻ വെറുക്കുന്നു" എന്നു പതുക്കെ പറഞ്ഞിട്ടു് അവൻ കത്തിമടക്കി തൽസ്ഥാനത്തുവച്ചു മേശയടച്ചു.

ഈ സന്ദർഭത്തിലാണു് വിരുന്നുകാരുടെ വരവു്. അവരെ സ്വീകരിപ്പാനായി മുറിഅടയ്ക്കാതെ താഴത്തിറങ്ങിപ്പോയ പ്രാൻസിസ് അച്ചൻ, എങ്ങിനെ എങ്കിലും അമ്മയും മരുമക്കളുമായി സംസാരിച്ചു കുറെ അധികസമയം പുറത്തുതാമസിക്കുമെന്നു വിശ്വസിച്ചുംകൊണ്ടു ലൂസർ, അച്ചന്റെ മുറിയിൽ ഒതുങ്ങിയും പതുങ്ങിയും കയറി. അപ്പോൾ, പണം മേശപ്പുറത്തു കാണാനില്ല. "നശിക്കണേ; നാണയമെല്ലാം അയാൾ ഒതുക്കിക്കളഞ്ഞല്ലോ—ഛേഷ്, മേശയിൽതന്നെ താക്കോൽ വച്ചിട്ടുണ്ടു്. അകമൊന്നു പരിശോധിക്കണം എന്തുകളിയെടാ ഇതു്! എടുത്തുകൊണ്ടുപോകുവാൻ നല്ല സൌകര്യം. തുലാലയിൽ വെടിപ്പായി കെട്ടിവച്ചിരിക്കുന്നു. ഭാഗ്യവനുമുണ്ടു്. ഞാൻ ഇപ്പോൾ തന്നെ ആ ജോലി അങ്ങു ചെയ്തേച്ചാലെന്താ!" അവന്റെ കൈകൾ പണക്കിഴിയിൽ ചെന്നു കഴിഞ്ഞു. പക്ഷെ വിവേകം അവനെ വിലക്കിപ്പിച്ചു. "അയാൾ അതു കണ്ടുപിടിച്ചെങ്കിൽ ഈ രാത്രിയിൽതന്നെ പൊലീസുകാർ എന്നെ പിടിക്കുട്ടം. എന്തിനാണു ലൂസർ മണ്ടത്തരത്തിനു തുനിയുന്നതു്? പണം എന്റേതുതന്നെ. പിന്നെ എന്തിനു ധൃതിക്കുട്ടുന്നു?" എന്നിങ്ങനെ ചിന്തിച്ചശേഷം അവൻ വൈമനസ്യത്തോടേയെങ്കിലും കൈകൾ പിൻവലിച്ചു് ഒരു വിധത്തിൽ മേശപൂട്ടി. "രണ്ടായാലും താക്കോൽ എന്റെ കയ്യിലിരിക്കട്ടെ. ഒരുപക്ഷെ അയാൾ അതന്വേഷിച്ചാലും, അമ്മ

വന്ന ബഹളത്തിൽ വല്ലിടത്തുംവച്ചു മറന്നുപോയതാണെന്നു വിചാരിച്ചു കൊള്ളും" എന്നു് ലൂസർ വീണ്ടും ചിന്തിച്ചുറച്ചു.

താക്കോൽ അകക്കുപ്പായത്തിന്റെ പോക്കറ്റിലേക്കു തള്ളിയിട്ടുവാനും, കിടപ്പുമുറിയിലേക്കു് ഒന്നുനോക്കിയുംവച്ചു പെട്ടന്നു പിന്നോട്ടുമാറി കുശിനിയിൽ കയറുവാനും മാത്രമേ സമയം അവനു കിട്ടിയുള്ളൂ. അപ്പോൾ യൂലിയാ പാട്ടുപാടിയുംകൊണ്ടു് കുശിനിയിലേക്കു് ഓടിവരുന്നതു് അവൻ അറിഞ്ഞു. അവൾ കാണാതിരിക്കുന്നതിനു് അവൻ ഒരു വാതിലിൽകൂടി വെളിക്കു ചാടി വരാന്തയുടെ തെക്കേഅറ്റത്തുള്ള നടകൾ വഴി താഴത്തിറങ്ങി അവന്റെ പതിവുള്ള ഇരിപ്പിടമായ വാതൽ കാവൽക്കാരന്റെ കെട്ടിടത്തിൽചെന്നു കതകടച്ചു് അകത്തിരുപ്പായി. ഒരു മണിക്കൂർ സമയത്തിൽ കുറയാതെ ആ ഇരുപ്പിരുന്നു് "പ്ലാൻ" ഓരോന്നു് ആലോചിച്ചു് ഒരുക്കുകയും എല്ലാം മനസ്സിൽ ശരിപ്പെടുത്തുകയും ചെയ്തിട്ടു് അവിടെനിന്നിറങ്ങി ഒരു യാത്രക്കാരന്റെ വേഷത്തിൽ ലൂസർ ഗമിച്ചുതുടങ്ങി. അവൻ ഒരു തൊപ്പിവച്ചിട്ടുണ്ടു്. ഒരു വടി കൈയ്യിലും, ഒരു യാത്രസഞ്ചി തോളിലും കാണുന്നു. കതകുപൂട്ടി അതിന്റെ ഏനമേറിയ താക്കോൽ കൈയ്യിലെടുത്തിരിക്കുകയാണു് "സപ്തപ്പുകസുമം" എന്ന നാമധേയത്തിൽ അറിയപ്പെടുന്ന ഗ്രാമഹോട്ടലിലേക്കാണു ലൂസർ പോകുന്നതു്. അതിൽ ഏതൽകാലത്തു്. ഞായറാഴ്ച ഉച്ചതിരിയുമ്പോൾ അനേകമാളുകൾ കൂടുകപതിവുണ്ടു്. ഇന്നു് അതിൽ ഇടകൊള്ളുന്നതെന്നെയില്ല. അതിന്റെ ഉടമസ്ഥനായ "കാരില്ലൺ" എന്നയാളിനെ സ്നേഹസൂചകമായി 'അപ്പച്ചൻ' എന്നാണു് എല്ലാവരും വിളിക്കുന്നതു്. കറുത്തവില്ലസ് തൊപ്പിയും, വെള്ളനിറമുള്ള ഒരു പുറയങ്കിയുംധരിച്ചു് അയാൾ ധൃതിയിൽ വിരുന്നുകാക്കു വീഞ്ഞു മുതലായ സാധനങ്ങൾ കൊടുത്തുകൊണ്ടിരിക്കയാണു്. ചൂരുട്ടവലിയുടെ പുകയാൽ മൂടി മുഴുവൻ നിറയപ്പെട്ടിരിക്കുന്ന രാഷ്ട്രീയകാര്യങ്ങളേപ്പറ്റിയുള്ള വാദപ്രതിവാദങ്ങൾക്കു ശക്തിവർദ്ധിച്ചു് അവ പുറത്തേക്കു കേട്ടുതുടങ്ങി. അപ്പോൾ അവിടെവന്ന കപ്യാരെ കണ്ടിട്ടു് ഹോട്ടൽകാരൻ "ആരാണു് ആ വരുന്നതു്? ലൂസറോ? എന്താ നമ്മുടെ നല്ല ഇടയൻ ഇന്നു കാലത്തുപറഞ്ഞ പ്രസംഗംപോലും തന്റെ മനസ്സിനെ ഇളക്കിയില്ലെന്നോ? തന്റെ തോളിൽ ഒരു മാറാപ്പുണ്ടല്ലോ. എവിടെയ്ക്കാണയാത്ര?"

അതിനു്, എല്ലാവരും കേൾക്കത്തക്കവിധം ലൂസർ ഇപ്രകാരം മറുപടിപറഞ്ഞു. "ഒടുവിലത്തെ തീവണ്ടിപിടിച്ചു് മാഴ്സയിൽസിലേക്കു് ഒന്നു പോകണമെന്നുവച്ചാണിറങ്ങിയതു്. ലൊറെയിനിലെ വളരെ പണ

ക്കാരിയായ എന്റെ ഒരിളയമ്മ മരിച്ചു. അപ്പച്ചനേപ്പോലെ ടക്കേതി കായ്ങ്ങളിൽ ഉത്സാഹക്കാരിയായിരുന്നതുകൊണ്ട് അവരെ വൈദികപ്പ ടയെല്ലാംകൂടി തട്ടിച്ചു് അധികഭാഗവും പിടിച്ചുപറിച്ചെങ്കിലും ഒരു രണ്ടാ യിരം പവനോളം, ഈശ്വരവിശ്വാസമില്ലാത്ത ഈ മരുമകനു് വച്ചിട്ട ല്ലതായികേട്ടു. കഴിഞ്ഞയുദ്ധത്തിൽ വളരെ അക്രമം പ്രവർത്തിച്ച ഈ "പ്രഷ്യപ്പരിഷ" ആ പണം എനിക്കു തരികയില്ലല്ലൊ ആകയാൽ വ ക്കീലന്മാരുടെ ആലോചനാസഹായംകൂടി എനിക്കു നേരിട്ടേക്കാവുന്ന തുകൊണ്ടു് അവർ അമാന്തം വിചാരിക്കുന്നപക്ഷം അടുത്ത ഞായറാഴ്ച വരെ എനിക്കു മടങ്ങിവരുവാൻ സാധിക്കയില്ലായിരിക്കും."

ഈ സംഭാഷണം ഹോട്ടലിൽകൂടിയിരുന്നവരുടെയിടയിൽ വലിയ ഇളക്കത്തിനിടയാക്കി. ചിലർ ലൂസറിന്റെ ഭാഗ്യത്തിൽ അവനെ അ നുമോദിച്ചു. ചിലർ മാഴ്സയിൽസ് ഗവർണരുടെ പക്കൽ സഹായ ത്തിനപേക്ഷിക്കുന്നതിനും മറ്റു ചിലർ പ്രജാധിപത്യഭരണപ്രസിഡ ണ്ടിന്റെ സമക്ഷത്തിൽ തന്റെ സങ്കടങ്ങളുണർത്തിക്കുന്നതിനും അല്ലാ ത്തപക്ഷം മന്ത്രിസഭയിൽ അപ്പീൽ കൊടുക്കുന്നതിനും മറും പലതര ത്തിൽ അവനെ പ്രോത്സാഹിപ്പിച്ചുതുടങ്ങി. ഇതുപ്രകാരത്തിനാലുമണി ക്കൂറുകൾക്കുള്ളിൽ പണത്തിൽ ഒരു പെനിപോലും കുറയാതെ മുഴുവനും ലൂസറിനെ ഏൽപ്പിക്കാത്തപക്ഷം പ്രഷ്യാക്കാരോടു് യുദ്ധം പ്രഖ്യാപ നം ചെയ്യണമെന്നുതന്നേ ഒരു കൂട്ടർ വീരവാദംചെയ്തു.

എന്നാൽ പെട്ടന്നു ക്ഷോഭിതരാകാതെ കൂടുതൽ വിവരങ്ങൾ ലഭി ക്കുന്നതുവരെ ക്ഷമിച്ചിരിക്കണമെന്നു് ലൂസർ അവന്റെ പാശ്ചാത്തിക രോടു് അപ്പോൾ അപേക്ഷിച്ചു. തന്റെ "ഡാവിൽ" മറ്റുള്ളവർ കുറെ അധികം ഇളകിപ്പോയി എന്നു അവനു മനസ്സിലായതാണിതിനു കാര ണം. പ്രാൻസിന്റെ അതുത്തിക്കിപ്പുറത്തെ ഒരു നിയമജ്ഞന്റെ അഭി പ്രായം, എതിരഭിപ്രായങ്ങളെല്ലാം ഇല്ലാതാക്കിക്കൊള്ളുമെന്നു് അവൻ ഉറപ്പുപറഞ്ഞിട്ടു്, കാവൽക്കാരന്റെ കെട്ടിടത്തിന്റെയും, ആശ്രമപ്പടി വാതിലിന്റെയും താക്കോലുകൾ ഹോട്ടൽക്കാരനെ സൂക്ഷത്തിനായി ഏൽപ്പിച്ചുംവച്ചു് യാത്രയുടനുവാൻ ആരംഭിച്ചപ്പോൾ കാറില്ലൺ അവ നെ നിരുത്തിപറഞ്ഞു. "രാത്രി വണ്ടിയിൽ പോകുവാൻ ഇനിയും സമ യമുണ്ടല്ലോ. നിങ്ങളുടെ തൊഴിലിന്റെ വിജയത്തേയും, നിങ്ങ ളുടെ ദേഹസുഖത്തേയും ഉദ്ദേശിച്ചു് ഒരുഗ്ലാസ് വീഞ്ഞു ഞങ്ങളെല്ലാവ രോടുകൂടി നിങ്ങൾ കഴിക്കുന്നതു് എനിക്കൊരുബഹുമാനമാണു്. നി ങ്ങളെ ഞാൻ ഒരു സ്വരാജ്യസ്നേഹിയെന്നു മാത്രമല്ല ഒരു വീരയോദ്ധാ

വായിട്ടുകൂടിയാണ് കരുതിവരുന്നത്. നിങ്ങളുടെ നെറ്റിയിൽ കാണുന്ന ആ പാട്ട് നമ്മുടെ നഗരാധിപൻ ധരിച്ചിരിക്കുന്ന രാജകീയ ബഹുമാനചിഹ്നത്തെക്കാൾ അഭിമാനകരമായിട്ടുള്ളതത്രെ. അദ്ദേഹമുണ്ടോ വല്ലയുദ്ധത്തിലും ഭാഗഭാക്കായിട്ടുള്ള? പട്ടക്കാർക്ക് ദോഷസഹായിയാകുന്നതിനും, കഴിഞ്ഞുപോയ അന്ധവിശ്വാസത്തിനു സേവചെയ്യുന്നതിനും മാണിപ്പോൾ കപ്യാർജോലി നിങ്ങളെ നിബന്ധിതനാക്കിയിരിക്കുന്നതെങ്കിലും, രാജ്യദേവത നിങ്ങളെ തീരെ ഉപേക്ഷിക്കാത്തതിന്റെ ലക്ഷണമായിട്ടാണ് ഇപ്പോൾ നിങ്ങൾ പണക്കാരനാകുവാൻ പോകുന്നത്. നിങ്ങളേ ഒരു ആരാധനാപാത്രമായ പുരുഷനായിട്ടത്രെ ഞാൻ കരുതിവരുന്നത്. നിങ്ങളുടെ യോഗ്യതക്കും, സാമർത്ഥ്യത്തിനും ഏറ്റവും പറ്റിയതായ എന്തെങ്കിലും നല്ല ഉദ്യോഗത്തിൽ നിങ്ങൾ മറ്റൊരുസ്ഥലത്തു പ്രവേശിക്കുമെന്നു തീച്ചയായതിനാൽ ഇന്നി ഞങ്ങളുടെ ഈ എളിയഗ്രാമത്തിൽ നിങ്ങളുടെ സാന്നിദ്ധ്യം അടുത്തകാലത്തെങ്ങുമുണ്ടാകയില്ലല്ലോ എന്നുള്ളതു് എല്ലാവർക്കും മനസ്സാപകാരണംതന്നെ. എങ്കിലും മറ്റൊരുധ്രുവത്തിൽ സ്വരാജ്യസേവനംചെയ്യ സൌഭാഗ്യസൂര്യപ്രകാശം ആസ്വദിക്കുമ്പോൾ, വിക്ടോർ ഹൊട്ടലിലെ പഴയസ്നേഹിതന്മാരെ വിസ്മരിച്ചുകളയുകയില്ലെന്നു വിശ്വസിച്ചുകൊണ്ടു നിങ്ങളുടെ ക്ഷേമത്തിനായിട്ടു ഞാൻ പാനം ചെയ്യട്ടയോ?"

ഇതേവരെ, ആ സ്ഥലത്തെങ്ങും ലൂസറിന്റെ സ്വഭാവം സംബന്ധിച്ചു് ആർക്കും നല്ലയഭിപ്രായമില്ലായിരുന്നെങ്കിലും, "അപ്പച്ചൻ"റെ ഈ പ്രസംഗം എല്ലാവരും ഹസ്താഡനവും ചീയേഴ്സും വഴി പിൻതാങ്ങുകയും, വരുവാനിരുന്ന ഭാഗ്യത്തിലും മഹിമയിലും അവർ ലൂസറിനെ അനുമോദിക്കയുംചെയ്തു. "അപ്പച്ചൻ ക്ലാറില്ലൺ" തന്റെ വാഗ്വിലാസവിജയത്തിൽ സ്വയംകൃതാർത്ഥനായി എല്ലാവർക്കും കൈകൊടുത്തു. അനന്തരം അയാൾതന്നെ അന്നത്തെ വിരുന്നിൽ അധ്യാസനാധിപത്യം സ്വീകരിച്ചു് ലൂസറിനെ തന്റെ വലതുഭാഗത്തിരുത്തി, "സബോധി"യാരംഭിച്ചു. സന്ധ്യാവെളിച്ചംകൂടി അവസാനിക്കാറായപ്പോൾ, ലൂസർ "സപ്ലൻഡർ സൂമ"ത്തിൽനിന്നിറങ്ങി ലബാസിലേക്കുള്ള റോഡിൽകൂടി നടന്നുതുടങ്ങി. കുറേദൂരംവരെ അവന്റെ സ്നേഹിതന്മാരിൽ ചിലരും അവനെ അനുഗമിച്ചെന്നു പറയേണ്ടതില്ലല്ലൊ.

പ്രാൻസീസ് അച്ചൻ സ്വമാതാവിനെ ഒരു വലിയ ചാരുകസേരയിൽ പിടിച്ചിരുത്തുകയും അദ്ദേഹത്തിന്റെ ശരീരസൌഖ്യത്തേയും മറ്റും കുറിച്ചു് ആ സ്ത്രീ വളരെ വിവരമായിചെയ്യുവാത്സല്യചോദ്യങ്ങൾക്കും

അനേഷണങ്ങൾക്കും പൊതുവെ തൃപ്തികരമായ മറുപടി കൊടുക്കുകയുംചെയ്തു. മകൻ കുറെ വിളറിയും ശോഷിച്ചും ഇരുന്നെങ്കിലും, മറ്റുപ്രകാരത്തിൽ സുഖമുള്ളവനായി അമ്മക്കും തോന്നാതിരുന്നില്ല. ഇനിയെങ്കിലും ശരീരത്തെ ഏറ്റവും സൂക്ഷിക്കണമെന്നും വളരെ രാവാകുന്നതുവരെയുള്ള പുസ്തകപാരായണവും വിശിഷ്യാ നോമ്പുകാലത്തു വലിയ തപസ്സും, മെയ്യരുതെന്നും അവർ സപുത്രനോടു നിബ്ബന്ധമായി ഉപദേശിച്ചു. മാതൃസ്നേഹപൂർണ്ണവും കല്പനാസമൃദ്ധവുമായ പ്രസ്തുതയുപദേശങ്ങൾകേട്ട് പുത്രൻ സന്തോഷത്തോടേ ഒന്നുചിരിച്ചു; തനിക്കു പൂർവ്വാധികം സുഖവും കായബലവും ഉണ്ടെന്നു ഉറപ്പായിപറഞ്ഞു. ഇനിമുതൽ അമ്മക്കുതന്നെ അദ്ദേഹത്തിന്റെ കായ്ങ്ങൾഎല്ലാം അനേഷിക്കുന്നതിനു സാധിക്കുമെന്നു താൻ വിചാരിക്കുന്നു എന്നും അവക്കായി താൻ ശരിപ്പെടുത്തിവരുന്ന മുറികൾ, കാപ്പികഴിയുന്നയുടൻപോയി കാണാമെന്നും പുത്രൻ പ്രസ്താവിച്ചു. അതിനാൽ അമ്മ വളരെ ആഹ്ലാദഭരിതയായി പറഞ്ഞു. "നമുക്കിപ്പോൾതന്നെ പോകാം. എനിക്കു വാസ്തവത്തിൽ ഒട്ടും ക്ഷീണമില്ല. അല്പം കഴിഞ്ഞാൽ കുട്ടികൾവരും അവരെ കേൾക്കെ ഒന്നും പറഞ്ഞുകൂടാ. എന്റെ മകനേ, നിന്നോടു കഴിയുന്നിടത്തോളം അടുത്തിരിക്കണമെന്നാണ് എന്റെ ആഗ്രഹം"

ഇതനുസരിച്ച് മാതാവിനേയുംകൊണ്ടു പുത്രൻ മുറിയിൽ നിന്നിറങ്ങി പല മുറികളും കാണിച്ചെങ്കിലും അദ്ദേഹത്തിന്റെ ശയ്യാമുറിയോടു തൊട്ടുണ്ടായിരുന്ന ചെറിയമുറിയാണ് ആ സ്ത്രീക്കിഷ്ടപ്പെട്ടത്. അതു ആ മുറിയുടെ വൈശിഷ്ട്യംകൊണ്ടൊന്നുമല്ലായിരുന്നു. "എനിക്ക് ആവശ്യമുള്ളവയെല്ലാം ശരിപ്പെടുത്തണം. എന്നെപ്പോലെ പ്രായമായ ഒരു സ്ത്രീ മരണത്തെപ്പറ്റി ഗൌരവമായി വിചാരിക്കേണ്ടതല്ലോ? ഞാൻ ഇതിലാണെങ്കിൽ അവിചാരിതമായി വല്ലതുമുണ്ടായാൽ ഈ ഭിത്തിയിൽ ഒന്നു മുട്ടിയാൽ മതിയല്ലോ. മാത്രമല്ല ഈ ജന്നലുകളിൽക്കൂടി താഴത്തോട്ടു നോക്കിയാൽ എത്ര നല്ല കാഴ്ചയാണുള്ളതു്. മലയുടെ താഴ്വാരത്തിലേതുപോലെതന്നെയാണ് ഈ കാഴ്ച" എന്നു് അവർപറഞ്ഞു.

അമ്മ:— അമ്മയുടെ ഇഷ്ടംപോലെയാകട്ടെ. മറ്റേ മുറികൾ വലുതും കൂടുതൽ വായു പ്രവേശിക്കുന്നവയുമാണ്. എങ്കിലും ഇതുതന്നെ ശരിപ്പെടുത്തിതന്നേക്കാം. മേൽത്തട്ടുകൾ ഒന്നു വെള്ളയടിക്കയും ഭിത്തികളിൽ കടലാസ്സുകൾ പാറിക്കയും വേണം. നാളെത്തന്നെ വെള്ളയടിക്കുന്നതിനും അലങ്കരിക്കുന്നതിനും ഏർപ്പാടുചെയ്തേക്കാം. പകുതിനേരമാകുമ്പോഴേക്കു് ജോലികൾ തീർന്നി

രിക്കും. എന്റെ കൈവശമുള്ള മാതൃകാചിത്രപ്പുസ്തകത്തിൽ നിന്ന് അമ്മക്കിഷ്ടമുള്ള ഓരോതരം ചിത്രങ്ങൾ തിരിഞ്ഞെടുത്തു കൊള്ളുക. ഈ മുറിയിൽ താമസം തുടങ്ങിയാൽ, അമ്മക്കുള്ള എല്ലാകഷ്ടപ്പാടുകളും ദൈവം തീർത്തുതരും. സമാധാനമായി ജീവിക്കയുംചെയ്യാം."

അവരുടെ നേത്രങ്ങളിൽനിന്നു പ്രവഹിച്ച ആനന്ദബാഷ്പകണങ്ങൾ തുടച്ചുകൊണ്ട് പറയുന്നു:— "എന്റെ പ്രാൻസിസേ, നീ എത്ര അലിവുള്ളവനാണ്! നിനക്കെന്നോടുള്ള സ്നേഹത്തെ സംബന്ധിച്ച് എനിക്കൊട്ടും സംശയമില്ല. പക്ഷെ ഈ കായ്മെല്ലാം നിന്റെ തുച്ഛമായ വരവുകൊണ്ടു സാധിക്കുന്നതെങ്ങിനെയാണെന്നൊരുഭയം എനിക്കുണ്ട്."

അനുജൻ:— അമ്മക്ക് അതേസംബന്ധിച്ചു ലവലേശം വല്ലായ്ക തോന്നണ്ടാ. ഇവിടത്തെ വി. യൌസേപ്പുപിതാവിന്റെ മഹാസമാജാദ്ധ്യക്ഷയും, വളരെ സ്വതന്ത്രകാരിയുമായ കന്യാനാ എന്ന ഒരു വിധവ എനിക്കു ഒരു നല്ലതുക സംഭാവന ചെയ്യാമെന്നു സദയം സമ്മതിച്ചിട്ടുണ്ട്. അതുകൊണ്ട് മുറികൾ കുറേക്കൂടി സൌകര്യപ്രദമാക്കുകയും എതാനും പുതിയ പുസ്തകങ്ങൾകൂടി വാങ്ങി എന്റെ പുസ്തകക്കൂട്ടിൽ വയ്ക്കയുംവേണം. ആ സ്ത്രീരത്നം വളരെ ഉദാരശീലയാണ്. അമ്മയുടെപ്രായത്തിൽ കൂടുതൽ അവക്കില്ല. അമ്മയുമായി പരിചയപ്പെടുവാൻ അവർ ധൃതിവച്ചിരിക്കുകയുമാണ്. അവരൊരുമിച്ച് അമ്മക്കു വളരെ സമയം സന്തോഷത്തിലും സായുജനസംരക്ഷണത്തിലും ചെലവാക്കാം. ആകയാൽ പണദൌർല്ലഭ്യ അമ്മയുടെ അസ്വാസ്ഥ്യത്തിനു ഒരു കാരണമാകരുതു്. എന്നാൽ വരൂ; നമുക്കു കാപ്പികുടിക്കുവാൻ പോകാം. യൂലിയാവിളിക്കുന്നതു കേട്ടതുപോലെ എനിക്കു പോന്നുന്നു."

അമ്മയും മകനും ദുർല്ലഭമായിമാത്രം പ്രകാശമുണ്ടായിരുന്ന കുശിനിമുറിയിൽ എത്തി. ബാലിക അപ്പോൾ കാപ്പി ഒരുക്കിവച്ചിരുന്നു. "വത്സ്യമേ, കാപ്പി എത്ര നല്ലതായിരിക്കുന്നെന്നു കണ്ടുകൊൾക. മേശ വിരിച്ചില്ലല്ലോ. നോക്കണേ, അതിന്മേൽ എത്ര പുസ്തകങ്ങളാണു കിടക്കുന്നതു്. ചാർൾസ് ഇതേവരെ വന്നില്ലല്ലൊ. അമ്മച്ചി എന്നെ ദയവായി ഒന്നു സഹായിക്കണേ." എന്നു യൂലിയാ പറഞ്ഞു.

ഉടൻ എല്ലാവരുംകൂടി പുസ്തകങ്ങളെല്ലാം എടുത്തു മാറ്റിയിട്ട മേശപ്പുറത്തു ഒരു വെള്ളത്തുണി വിരിക്കയും, കോപ്പുകൾ പീലീസുകൾ മുതലായവ നിരത്തുകയുചെയ്തു. "സപ്ലൈവക്കിൽ ഈ കോപ്പ കൊച്ചുചുന്ന്;

മുദ്രാവാക്യമുള്ള ഇതു് വല്യമ്മക്കു്; പുഷ്പങ്ങളോടുകൂടിയ ഈ നല്ല കോപ്പ എനിക്കുവേണം ചാറ്ൽസിനു് ഈ പൊട്ടിയ ഒന്നായാലും മതി. ഹാ, ആ മണ്ടൻമൊറുക്കൻ അപ്പുവുംകൊണ്ടു് ഇനിയെങ്കിലും വന്നാൽ മതിയായിരുന്നു" എന്നു് യൂലിയാ അവളുടെ ജോലിക്കിടക്കു പറഞ്ഞുകൊണ്ടിരുന്നു. അവളുടെ സംസാരത്തിന്റെ ഒടുവിലത്തെ വാക്കുകൾ പറഞ്ഞുതീരുന്നതിനുമുൻപു ആ ബാലൻ ഒരു കൊട്ടനിറയെ മധുരമുള്ള കേക്കുകളും മറെറാന്നു നിറയെ ബിസ്ക്കറുകളുമായി കയറിവന്നു്, "ഇതാ ഞാൻ വന്നുകഴിഞ്ഞു. നി എന്തിനാണു് എന്നെ മണ്ടൻ എന്നു വിളിച്ചതെന്നറിഞ്ഞാൽ കൊള്ളാം! കൊച്ചമ്മാ ഇതാ ബാക്കിപണം. ബോമ്മക്കാരൻ പറഞ്ഞതു് ഇതിൽ ഒരു പെനി എനിക്കു സമ്മാനമാണെന്നാണു്" എന്നുപറഞ്ഞു.

ഒരു പെനി അവനുതന്നെ കൊടുത്തുകൊണ്ടു്, അച്ചൻ: "ഇതെന്തിനാണു്, കേക്കുവാങ്ങിക്കുവാനാണോ കുട്ടീ?" എന്നു ചോദിച്ചു. "അല്ല; കൊച്ചമ്മാ, ഞാൻ മിഷ്യൻവേലക്കായി ദൂരദേശങ്ങളിൽപോയി അജ്ഞാനക്കുട്ടികളേ ജ്ഞാനസ്നാനപ്പെടുത്തുമ്പോൾ ആ സാധുകുട്ടികൾക്കു് ഒരു സഹായമായി കൊടുക്കുന്നതിനുവേണ്ടി ഞാൻ ഇതു് ഇപ്പോൾതന്നെ പെട്ടിയിലിടും".

അച്ചൻ:— "ഭോഷ്, അങ്ങിനെയെങ്കിൽ നിനക്കൊരു പെനികൂടിയിരിക്കട്ടെ".

യൂലിയാ:— കൊച്ചച്ചനു് ഇത്രനല്ല കാപ്പിയുണ്ടാക്കിത്തന്നതിനു് എനിക്കും ഒരു പെനിതരുകയില്ലേ?".

അച്ചൻ:— നിനക്കും ഒന്നു തരാം. അതും മതപ്രചാരപ്പെട്ടിയിൽ ഇടുവാനാണോ?"

യൂലിയാ: — "എന്റെ ദൈവമേ, മനുഷ്യരെത്തിന്നുന്ന ആ ക്രൂരന്മാർ ജീവിക്കുന്ന ദ്വീപുകളിൽ ഞാൻ ഒരിക്കലും പോവുകയില്ലേ. എങ്കിലും ഞാൻ ഇതിൽ അരപെനി, പെട്ടിയിൽ ഇട്ടേക്കാം".

അച്ചൻ:— കൊള്ളാം, കൊള്ളാം; നിന്റെ ഇഷ്ടംപോലെ ചെയ്യു. നിന്റെ കേമമായ കാപ്പി ഇങ്ങോട്ടു കൊണ്ടുവരു. ഞങ്ങൾ എത്ര നേരമായി ഒരുങ്ങിയിരിക്കുന്നു.

അനന്തരം നാലുപേരും മേശക്കു ചുറ്റുമിരുന്നു, യാതൊരു കുറവുമില്ലായിരുന്ന കാപ്പിയുടെ രസം അനുഭവിച്ചും, പലഹാരങ്ങൾ തിന്നും സന്തോഷിച്ചു. കടയിൽപോയതിനു കൂലിയായും, ഊണായിരുന്നതിൽ

നല്ല കോപ്പ യൂലിയാ എടുത്തു തനിക്കു മറ്റാട്ടിയതു കൊടുത്തതിനു് ഒരു പരിഹാരമായും ചാൾസ് ഒരു കൂടുതൽ കേക്കിനു് അവകാശംപറഞ്ഞു

അച്ചൻ:— കൊള്ളാം. ചാൾസിനു് ഒരു കേക്കുകൂടി വേണ്ടതാണു ന്യായം. യൂലിയാക്കു് ഒരു കോപ്പ കാപ്പിക്കും വിശേഷാൽ അവകാശമുണ്ടു. കുട്ടികളെ നിങ്ങൾ ഒന്നുകൂടി ചെയ്യണം. ഈ കാപ്പികുടിയും മറ്റുംകഴിഞ്ഞു്, അവധിക്കാലത്തുള്ള നിങ്ങളുടെ ഇവിടത്തെ താമസത്തിനു് സൗകര്യപ്രദമായ മുറികൾ വല്യമ്മയോടുകൂടി ചെന്നു് നോക്കി തിരഞ്ഞെടുക്കുക.

ബാലൻ:— ഭേഷ് അതു് നന്നായി. യൂലിയാ, വേഗമാകട്ടേ. കാപ്പി വേഗം തീക്കു.

യൂലിയ:— നിന്നോടുകൂടി ഞാൻ വരണമെങ്കിൽ, വെളിച്ചമില്ലാത്ത കോണുകളിലും ചെറിയ മുറികളിലും ചെല്ലുമ്പോൾ നീ എന്നെ തനിയേ ഇട്ടേച്ചു പോവുകയില്ലെന്നുറപ്പുതരണം. അല്ലെങ്കിൽ ഞാൻ വല്ലാതെ പേടിച്ചുപോകും. കൊച്ചച്ചാ, എനിക്കു് ഒരു പ്രത്യേക മുറിയാവശ്യമില്ലല്ലോ. അവധിക്കാലത്തിവിടെ വരുമ്പോൾ ഞാൻ വല്യമ്മയൊരുമിച്ചു കിടന്നുകൊള്ളാം. അല്ലേ, വല്യമ്മേ. രാത്രിയിൽ എന്നെ പേറെകിടത്തിയാൽ ഞാൻ നിശ്ചയമായും ഭയംകൊണ്ടു മരിച്ചുപോകും. ഇവിടെ താമസിച്ചിരുന്ന കന്യാസ്ത്രീകളിൽ ഇരുപത്തിരണ്ടുപേരെ, ആ കാണുന്ന താഴത്തെ മുറിയിലുവച്ചു് ഒരു ദിവസം തന്നെ തലവെട്ടിക്കൊന്നുകളയുകയാണു ശത്രുക്കൾ ചെയ്തതെന്നും നിലാവുള്ള രാത്രികളിൽ അവർ അവരുടെ തലകൾ കൈകളിൽ പിടിച്ചുകൊണ്ടു് ഈ വരാന്തകളിൽകൂടി അങ്ങുമിങ്ങും പ്രദക്ഷിണംചെയ്യാറുണ്ടെന്നും സൂസാന്നാമുത്തശ്ശി പറയാറുണ്ടു്. അതുകൊണ്ടത്രെ ആ സ്ത്രീ ഒരിക്കലും ഈ കെട്ടിടത്തിലെങ്ങും ഒരു രാത്രിപോലും കഴിക്കാതെ "സൈത്തുവൃക്ഷ" ഹോട്ടലിൽ തന്നെ താമസിക്കുന്നതു്."

അച്ചൻ:— മതി, ആ കിഴവി ഈവിധം അനാവശ്യകാര്യങ്ങൾകൊണ്ടു നിന്റെ തല നിറക്കേണ്ടിയതല്ലാ. ആ ഭാഗ്യവതികളായ കന്യകകളെ വധിച്ചതു് ഇവിടെയല്ല. അതു ലബ്രാൻസിലെ ചരന്തസ്ഥലത്താണു്. അവർ വേദസാക്ഷികളായിട്ടു മരിച്ചതിനാൽ ഇപ്പോൾ അവർ സ്വർഗ്ഗത്തിലാണു്. ആ പരിശുദ്ധകൾ നിന്നോടു് ഒരു പരുഷം ചെയ്കയില്ല. ഒരു പുണ്യവാനെപ്പോലെ ജീവിച്ചു മരിച്ചു

പതിനാറാമത്തെ ലൂയിമഹാരാജാവിനുവേണ്ടി പ്രവർത്തിച്ചു എന്നതാണ് ആ കന്യകകളുടെമേലുണ്ടായ കുറ്റം.

കാപ്പികഴിഞ്ഞപ്പോൾ പെൺകുട്ടികൾ കെട്ടിടത്തിൽ ഒഴിഞ്ഞുകിടന്ന മുറികൾ എല്ലാം പരിശോധിക്കുന്നതിനായി ഓടിപ്പോവുകയും തത്സമയം മാതാവും പുത്രനും അവരുടെ ഭാവിജീവിതക്രമത്തെയും മറ്റുംപറ്റി സംഭാഷിച്ചുതുടങ്ങുകയും ചെയ്തു.

മാതാ:— കുടിപാർപ്പില്ലാതെ ഉപേക്ഷിക്കപ്പെട്ടുകിടക്കുന്ന ഈ സന്ന്യാസാശ്രമവളപ്പിന്റെ വൈജാത്യംകൊണ്ടോ, കഴിഞ്ഞകൊല്ലങ്ങളിൽ എനിക്കുണ്ടായ അരിഷ്ടതയുടെ സ്മരണാഭയംകൊണ്ടോ, എന്തുകൊണ്ടെന്നറിഞ്ഞുകൂടാ, എന്റെ വയസ്സുകാലത്തു് സന്തോഷമുണ്ടാവുകയില്ലെന്നു് എന്നിൽ വലിയ ആശങ്ക ജനിച്ചിരിക്കുന്നു. നേരെമറിച്ചു് ഒരു വലിയ വിപത്തു നമുക്കു നേരിടുവാൻ പോകുന്നതുപോലെ എനിക്കു തോന്നുകയും ചെയ്യുന്നു.

പുത്രൻ:— നാം ദൈവത്തുക്കരങ്ങളിലിരിക്കുന്നതിനാൽ എന്തെല്ലാം സംഭവിച്ചാലെന്താണു്. നൂതന വിപത്തുകൾ അദ്ദേഹം നമുക്കു് അയച്ചാലും അവയെ തന്റെ അനുഗ്രഹസഹായത്താൽ ക്ഷമാപൂർവ്വം സഹിക്കണം. എങ്കിലും തല്ക്കാല സാഹചര്യം നോക്കിയാൽ ഭയത്തിനു യാതൊരു കാരണവും ഞാൻ കാണുന്നില്ല. ഇവിടെ എനിക്കുള്ള നില വലിയ തരക്കേടില്ലാത്തതാണു്. എന്റെ ജനങ്ങളിൽ അധികംപേർക്കും എന്നോടു വളരെ ആദരവും ഭക്തിയുമുണ്ടു്. എനിക്കു നേരിട്ടു ശത്രുക്കൾ ആരുംതന്നെയില്ല. തിരുസഭയ്ക്കു പൊതുവെ എതിരായിട്ടുള്ളവർ എന്റെ പാദങ്ങൾക്കുള്ളിൽ മുള്ളുകൾപോലെയാണെങ്കിലും ഞാൻ എന്റെ മുമതലകൾ കൃത്യമായി നിറവേറുന്നതുകൊണ്ടു് അവരേ ഞാനെന്തിനു ഭയപ്പെടുന്നു? രാഷ്ട്രീയകാര്യങ്ങളിൽ തലയിടുകയെന്നതു ഞാൻ ചെയ്കയുമില്ല. ഈയിടെ "വൈദികമാസിക"യിൽ ഞാൻ പ്രസിദ്ധപ്പെടുത്തിയ ചില ഉപന്യാസങ്ങളെ സംബന്ധിച്ചു് വികാരിജനറാൾ വളരെ സ്തുതിച്ചു് എനിക്കു് അയച്ച സന്ദേശം ഇന്നലെയാണു് എനിക്കു കിട്ടിയതു്. ഉന്നത സെമിനാരിയിൽ അഭിലഷണീയമായ ശമ്പളമുള്ള ഒരു പ്രൊഫസ്സർസ്ഥാനം എനിക്കു തരാമെന്നു അദ്ദേഹം സമ്മതിച്ചെങ്കിലും, വായനയിലും ജനങ്ങളുടെ ആത്മീയകാര്യാന്വേഷണത്തിലും മാത്രം ആസക്തനായ ഞാൻ അതു വേണ്ടെന്നുവയ്ക്കുകയാണു ചെയ്തതു്. സെമിനാരിയിലേക്കു

പോകാമെന്നുവച്ചാൽ, അമ്മയോടുകൂടി താമസിക്കുന്നതിനുള്ള ഭാഗ്യം എനിക്കെങ്ങിനെയുണ്ടാകും? എന്റെ വിദ്യാഭ്യാസം ബന്ധിച്ചും, അതിൽപിന്നെ മറ്റുപ്രകാരത്തിലും അനേകം ബുദ്ധിമുട്ടുകൾ അനുഭവിച്ച മാതാവിനോടു പ്രതിനന്ദികാണിക്കുവാൻ എനിക്കു സാധിക്കാതെവരുകയില്ലേ? ഇതെല്ലാം അമ്മയോടും മറ്റാരോടും പറയത്തക്കതല്ലെങ്കിലും, നിങ്ങളുടെ ആശ്വാസത്തിനുവേണ്ടി ഞാൻ പറയുന്നതാണ്."

ഈ വട്ടത്തിൽ, പടിവാതിൽക്കൽ മണികേൾക്കുകയാൽ പ്രാൻസീസ് അച്ചൻ ജനലിൽകൂടി പുറത്തേക്കുനോക്കി. ആ പ്രദേശങ്ങളിലെ കൃഷിക്കാരുടെ രീതിയിൽ വസ്ത്രംധരിച്ച ഒരു ബാലൻ, കതകുതുറക്കണമേ എന്നാവശ്യപ്പെട്ടുകൊണ്ട് നിൽക്കുന്നതായികണ്ടു. ആ കതകു്, മൂസർ അടച്ചുംവച്ചാണ പോയതു്. "വല്ലിടത്തും ഒപ്പുശ്രമായ്ക്കു പോകാനായിരിക്കാം; ഈമാതിരി അസൌകര്യസമയത്തു് പലപ്രാവശ്യവും മരണവിളി വന്നിട്ടുണ്ടു്" എന്നു് അല്പം അക്ഷമയോടേ പറഞ്ഞിട്ടു്, കതകു തുറക്കുന്നതിനായി ചാൾസിനേ അദ്ദേഹം താഴോട്ട വിടുകയും, അല്പസമയത്തിനുള്ളിൽ അവൻ ആ കൊച്ചനേയുംകൊണ്ടു മുകളിൽ വരുകയും ചെയ്തു.

പ്രാൻസിൽ സന്ന്യാസസഭകളുടെമേൽ വച്ചിട്ടുള്ള കർശനങ്ങളായ നിയന്ത്രണങ്ങളെ നീക്കേണ്ടവിഷയത്തിൽ പരിശ്രമിക്കുന്ന ഒരു നല്ലകത്തോലിക്കനായ ഡോക്ടർ ഒബെർക്കു് അവർകളെ പ്രധാനമന്ത്രി, "അൺഡർ സെക്രിട്ടരി ഓഫ് സ്റ്റെയിറ്റ്" ആയി നിയമിച്ചിരിക്കുന്നു. സാമുദായികങ്ങളും ജനാരോഗ്യസംബന്ധങ്ങളുമായ സംഗതികളാണ് അദ്ദേഹത്തെ പ്രത്യേകിച്ചു് ഭരമേല്പിച്ചിട്ടുള്ളതു്.

* * * *

ബെൽഗ്രേഡിൽ ഒരു യുഗോസ്ലാവിക് കത്തോലിക്ക ഭദ്രാസനപ്പള്ളി പണിയേണ്ടതിലേക്കായി അവിടത്തെ പൗരപ്രമാണികളും സക്കാരുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു കമ്മറ്റി സ്ഥാപിതമായിരിക്കുന്നു. അതിലേയ്ക്കു പറ്റിയ ഒരുസ്ഥലം തിരിഞ്ഞെടുക്കുന്ന ഭാരം അവിടത്തെ മുൻസിപ്പാലിറ്റിയിലാണ് സമർപ്പിക്കപ്പെട്ടിരിക്കുന്നതു്.

ആസന്നമരണനായ ഒരു പാപിയുടെ അപേക്ഷ.

(ശ്രീമാൻ കെ. ടി. ലോനപ്പൻ.)

(രാജീവലോലനെ-രാജസാത്മനെ-എന്നമട്ട്)

1. പാപികളിൽ പടുപാപി ഞാനും വിട - ശ്രേഷ്ഠനിൽ
കൃപയേകണം - സുരനായികെ ! - യെൻ
ആത്മകായ്മം ലവലേശമോർത്തീടാതെ
എത്രയൊ-പാപം ചെയ്തു ഞാൻ.....പാപി

2. ദുഷ്ടനാം സാത്താന്റെ ദുഷ്കർമ്മങ്ങളി - ലിഷ്ടമായ്
പലവട്ടം ഞാൻ - ബലാൽ പെട്ടുപോയ് - നിൻ
പുത്രനെന്നിക്കായി പെട്ടോരുപാടുക -
ളൊട്ടുമേ-ഓർത്തതില്ലു ഞാൻ.....പാപി

3. രക്ഷിക്കേണം നാഥെ ! രക്ഷിക്കേണം തായെ ! യിക്ഷണം
മഹാനീചനാം - നരകീയത്തെ; - മർ
രക്ഷകായ് ജീവൻ വെടിഞ്ഞവൈരിയെ
നിന്ദിച്ച-നന്ദിഹീനൻ ഞാൻ.....പാപി

4. മൃത്യുവന്നെൻമുമ്പിൽ നൃത്തം ചെയ്തീടുന്നു-കർത്താവിൻ
കൃപയെന്നിൽ നീ - യുടൻ ചൊരിക്കണം - എൻ
ചാരത്തുസാത്താനും പാശമേന്തിക്കൊണ്ടു
നിൽപ്പൂന്നു - ക്ലേശൽക്കൂടാതെ..... പാപി

5. ഇഷ്ടഭാവമില്ല ദുഷ്ടനവന്നിപ്പോൾ - കാട്ടുന്നു
പലഗോഷ്ടികൾ - ബലൻ നിന്ദ്യമായ് - ഹാ ! ഹാ !!
കഷ്ടം ! കഷ്ട ! മിവനെത്രതിന്മകളിൽ
വീഴിച്ചു-ജീവൻ പാഴായി.....പാപി

6. റാണിമാരിൽ മഹാറാണിയാം നിൻതിരു-വാണിയാൽ
മമദേഹിയെ - തവരാജ്യത്തിൽ - ഉടൻ
ചേർക്കേ നം മാതാവെ ! തീർക്കേണം ദുഃഖങ്ങൾ
തൃപ്പാദെ - വിണ്ണേ കേഴുന്നേൻ.....പാപി

സകല അധികാരങ്ങളും ദൈവത്തിൽനിന്നു്.

ഒരു ചരിത്രകഥ.

(എം. ജെ. വി.)

മഹാനായ നെപ്പോളിയൻ ചക്രവത്തിയെപറ്റി കേട്ടിട്ടില്ലാത്തവർ ഇന്നു് ലോകത്തിൽ ഉണ്ടെന്നു തോന്നുന്നില്ല. ഇദ്ദേഹം വാൾപ്രയോഗത്താൽ അനേക രാജ്യങ്ങളെ അധീനപ്പെടുത്തുകയും ലോകമാസകലം കിടുകിടെ വിറപ്പിക്കുകയും ചെയ്തു. എന്നാൽ തന്റെ ലൌകികാധികാരം അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചതോടുകൂടി അദ്ദേഹം തന്റെ സൃഷ്ടാവും രക്ഷിതാവുംആയ ദൈവത്തോടു മറുതലിക്കുവാൻതുടങ്ങി.

ക്രിസ്താബ്ദം പതിനാറാംവഷം വി. പത്രോസിന്റെ സിംഹാസനത്തെ അലങ്കരിച്ചിരുന്ന ഏഴാംപീയുസ് മാപ്പാപ്പായെ ആ ചക്രവത്തി പ്രാൻസിലുള്ള ഫോണ്ടെൻബ്ലോ (Fontainblaeu) എന്ന സ്ഥലത്തുള്ള ഒരു കൊട്ടാരത്തിൽ നിർബ്ബന്ധം തടവുകാരനായി പാർപ്പിക്കുകയും അനവധി സങ്കടങ്ങൾ അനുഭവിപ്പിക്കുകയും ചെയ്തു. അപ്പോൾ പരിശുദ്ധപിതാവു് നെപ്പോളിയന്റെ ഹൃദയകാഠിന്യത്തെകണ്ടു അദ്ദേഹത്തോടു ഇപ്രകാരം പറഞ്ഞിരുന്നു. "അല്ലയോ രാജാവെ, അങ്ങേ സകല അധികാരങ്ങളും ദൈവത്തിൽനിന്നും ഉള്ളതാണു്. അതിനാൽ ഒരു കാലത്തു് സർവ്വശക്തനായ ദൈവം അങ്ങയുടെ അധികാരത്തെ എടുത്തുകളയും".

ഉദ്ദേശം പന്ത്രണ്ടുകൊല്ലങ്ങൾക്കുശേഷം പ്രസ്തുത ചക്രവത്തിതന്നെ, ഇതാ സെൻറ് ഹെലിന എന്ന ദ്വീപിൽ ഏകാകിയായി തന്റെ ശത്രുക്കളുടെ അധീനത്തിൽ അനവധി കഷ്ടാരിഷ്ടതകളും സഹിച്ചു് തടവിൽ പാർക്കുന്നു. അപ്പോൾ അദ്ദേഹം പീയുസ് മാപ്പാപ്പ ഉച്ചരിച്ച വാക്കുകളെ സ്മരിച്ചു, കൂടെഉണ്ടായിരുന്ന ഒരു ബാലനോടു് ഇപ്രകാരം പറഞ്ഞു. "മുമ്പു് ഞാൻ നിർബ്ബന്ധം തടവിൽ പാർപ്പിച്ച മാപ്പാപ്പ ഒരു വലിയ ദീർഘദർശിയാണു്. എന്നെ ഇപ്രകാരം താഴ്ത്തിയതു് മനുഷ്യനല്ല; പിന്നയൊ ദൈവംതന്നെയാണു്". പിന്നീടു നെപ്പോളിയൻ പ്രസ്തുത മാപ്പാപ്പായുടെ നാമം വളരെ ഭക്തിയോടും ബഹുമാനത്തോടുംകൂടിമാത്രമേ ഉച്ചരിച്ചിരുന്നുള്ളു. എന്നുതന്നെയുമല്ല അത്യന്തം ക്ഷമയോടും

സന്തോഷത്തോടുംകൂടെ തടവിൽ പാർക്കുകയും സങ്കടങ്ങളെ സഹിക്കുകയുംചെയ്ത സൌമ്യശീലനായ ആ പീയൂസിനെ ഒരു കുഞ്ഞാടെന്നുകൂടി വിളിച്ചിരുന്നു.

൧-ാം പീയൂസ് മാപ്പാപ്പ അഞ്ചു സംവത്സരക്കാലം തടവിൽ കഴിച്ചുകൂട്ടി. നിരപരാധിയായ ആ തിരുമേനിയെ തന്റെ അധികാരത്തിൽ ഏറ്റവും പരിതാപകരമാംവണ്ണം തടവിൽ പാർപ്പിച്ച നെപ്പോളിയൻ ചക്രവർത്തിയും അത്രയും കാലംതന്നെ സെൻറ് ഹെലീന എന്ന ദ്വീപിൽ ശത്രുക്കളുടെ കീഴിൽ തടവിൽ പാർത്തു. അപ്പോൾ അദ്ദേഹം തന്റെ കഴിഞ്ഞ ജീവിതത്തിലെ ദുഷ്ചെയ്തികളെക്കുറിച്ചു് മനസ്താപപ്പെട്ടുകൊണ്ടു് മഹാറോൻ നീക്കിക്കിട്ടുന്നതിനും കൂദാശകളെ സ്വീകരിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനുമായി ഒരു ദൂതനെ റോമ്മായിലേക്കയച്ചു. അതെ, ആദ്യം മാപ്പാപ്പായാൽ കിരീടം ധരിപ്പിക്കപ്പെടുകയും പിന്നീടു തന്റെ ദുഷ്ചെയ്തികൾമൂലം തിരുസഭയിൽനിന്നും ബഹിഷ്കരിക്കപ്പെടുകയുംചെയ്ത നെപ്പോളിയൻ ഇപ്പോൾ റോമ്മാസിംഹാസനത്തെ അഭയംപ്രാപിച്ചു.

കരുണാനിധിയായ മാപ്പാപ്പായാകട്ടെ, നെപ്പോളിയനും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും കൂദാശകളും മറ്റും കൊടുക്കുന്നതിനു അനുമതിനൽകി. അങ്ങനെ, ഒരുകാലത്തു ദൈവത്തെ മറന്നു് ദൈവാധികാരികളോടു മുതലിച്ച നെപ്പോളിയൻ പിന്നീടു അനുതപിച്ചു സർവ്വശക്തനായ ദൈവത്തിൽ ആത്മാവിനെ ആശ്വാസത്തോടും സന്തോഷത്തോടുംകൂടെ കൈയാളിച്ചു.



ആസ്ട്രേല്യായുടെ തലസ്ഥാനമായ സിഡ്നിയിൽവച്ചു നടത്തുവാനുദ്ദേശിച്ചിരിക്കുന്ന സർവ്വജാതീയ ദിവ്യകാരുണ്യസംഘത്തിന്റെ പല പ്രധാന ചടങ്ങുകളും ലോകത്തിൽ പലേയിടങ്ങളിലുമുള്ള വകയും കേട്ടറിയത്തക്കവെണ്ണമുള്ള വിപ്പാട്ടുകൾ അസ്സോർഡാമിലെ കത്തോലിക്കാ കമ്പിയില്ലാക്കമ്പിവർത്തമാനശാലക്കാർ ചെയ്തുവരുന്നുണ്ടു്.

* * * *

കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ പ്രചാരത്തിന്നായി അവയെ വീട്ടിൽ വരുത്തിയും മറ്റുപ്രകാരത്തിലും സഹായിക്കേണ്ടതാണെന്നു അയർലണ്ടിലെ മെത്രാന്മാർക്കൂടി ഐകകണ്ഠ്യമായ ഒരു തീരുമാനം പാസാക്കിയിരിക്കുന്നു.

ഔദാര്യത്തിന്റെ ഫലം.

(ശ്രീമാൻ സി. എ. മാത്യു, കല്ലൂർ.)

ഡിസമ്പർമാസം വ്യാഴം; അമലോത്ഭവേതിരുനാൾ; വെളുപ്പിന്നു മണിക്കു ചൊല്ലിയ കുമ്പാനകണ്ടു പ്രത്യേക പ്രാർത്ഥനയുംകഴിച്ചു സാമാന്യം പ്രായംതോന്നിപ്പിക്കുന്ന ഒരുസ്ത്രീ ത്രിശിപുരം പട്ടണത്തിന്റെ തെരുവുകളിൽക്കൂടി നടക്കുകയായിരുന്നു. ഉദ്ദേശം അമ്പതു വയസ്സിൽ അധികം പ്രായമില്ലാതിരുന്നെങ്കിലും ആ സ്ത്രീക്കു പ്രായത്തെ അതിക്രമിക്കുന്ന ക്ഷീണവും തണുപ്പിന്റെ ശക്തിമാലുള്ള വിറയലും ഉണ്ടായിരുന്നു. തണുപ്പിനെ തടുക്കുവാൻ പറ്റാത്തതെങ്കിലും വൃത്തിയുള്ള വസ്ത്രങ്ങൾ ധരിച്ചിരിക്കുന്ന രീതിയും മുഖഭാവവും നശിച്ചുപോയ സൌഭാഗ്യത്തെ കാണിക്കുന്നതായിരുന്നെങ്കിലും പലപല ജോലികൾക്കായി ദ്രുതഗതിയിൽ പോയിരുന്ന യാത്രക്കാരിൽ ഒരുവൻപോലും ആ വൃദ്ധസ്ത്രീയെ കണ്ടായെന്നുതന്നെ സംശയമാണ്. തെരുവിന്റെ ഒരു മൂലയിൽ എത്തിയപ്പോൾ ആ സ്ത്രീ സംശയിച്ചുനിന്നു. ഒടുവിൽ ഒരു വഴിപോക്കനോടു കച്ചേരിത്തെരുവിലേക്കുള്ള വഴി ഏതാണെന്നു ചോദിച്ചു. "കച്ചേരിത്തെരുവോ? അതു വളരെദൂരെയാണ്. നിങ്ങൾ ഈ ശരിയുടനിന്നാൽ ഇന്നു ഉച്ചയാകാതെ അവിടെ എത്തുകയില്ല. ഇതിലെ ഓടിക്കൊണ്ടിരിക്കുന്ന ബസ്സുകളിൽ ഒന്നിൽ കയറിയാൽ ക്ഷണത്തിൽ എത്താം. നിങ്ങൾക്കു അധികം ക്ഷീണമുണ്ടല്ലൊ. രണ്ടണകൊടുത്താൽ മതി. അതാണു നല്ലതു" എന്നു ധൃതിയോടുകൂടിയെങ്കിലും സൌമ്യമായി ഉത്തരംപറഞ്ഞുകൊണ്ടു പാന്ഥൻ നടന്നു.

പാന്ഥന്റെ വാക്കുപ്രകാരം പ്രവൃത്തിപ്പാൻ അവൾക്കു മനസ്സുണ്ടായിരുന്നു. എന്നാൽ അവളുടെ കൈയിൽ ഒരു പൈപോലും ഉണ്ടായിരുന്നില്ല. അവൾ ഭക്ഷണം കഴിച്ചിട്ടു രണ്ടുദിവസം കഴിഞ്ഞിരുന്നു. താമസിക്കുന്ന മുറിയുടെ കൂലി അഞ്ചുറുപ്പിക കൊടുക്കേണ്ടദിവസം കഴിഞ്ഞതിനാൽ വീട്ടടമസ്ഥൻ അവളെ പുറത്താക്കുമെന്നു നോട്ടീസുകൊടുത്തുകഴിഞ്ഞു. ഇതിനെല്ലാംകൂടെ താൻ അനേകദിവസം പണിചെയ്തുണ്ടാക്കിയ റേന്തകൾ (Lace) വിറ്റിട്ടുവേണം. അതു വിറ്റാൽ അത്യാവശ്യങ്ങൾക്കു തികയുമെങ്കിലും അവിടങ്ങളിൽ അതു വാങ്ങാൻ ആരുമുണ്ടായിരുന്നില്ല. കച്ചേരിത്തെരുവിലുള്ള ചില പ്രമുഖസ്ത്രീകൾ അതു വാങ്ങുമെന്നു ആരൊ ഒരാൾ തന്നോടു പറഞ്ഞതനുസരിച്ചു തണുപ്പും

കൂറും ക്ഷീണവും വിശപ്പും വകവെയ്ക്കാതെ നന്നേ വെളുപ്പിനുതന്നെ പുറപ്പെടുകയാണു ചെയ്തതു. താൻ ഉദ്ദേശിക്കുന്നവർ അതു വാങ്ങിയില്ലെങ്കിൽ നിരാശ്രയയായ തനിക്കു പട്ടിണിയും അപമാനവുംമാത്രം ശേഷിക്കുമെന്നു അവൾക്കറിയാമായിരുന്നു. എങ്കിലും ദൈവം, പ്രത്യേകിച്ചു തന്റെ വിശേഷ ഭക്തിക്കു വിഷയമായിരുന്ന അമലോത്ഭവ കന്യക, തന്നെ കൈവിടുകയില്ലെന്ന വിചാരത്തോടുകൂടി മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു

കുറെ നടന്നപ്പോൾ അവൾ നന്നേ ക്ഷീണിച്ചു തുണ്ടുപ്പുകൊണ്ടു കൈകാലുകൾ മരവിച്ചു. അവളുടെ മുണ്ടുകൾ വരണ്ടു വിളറി. ഇതിനുമുമ്പു പലപ്രാവശ്യവും കുറേശ്ശെ സഹിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ മാത്രം വിശപ്പു എന്നതു എന്താണെന്നു അവൾക്കു ബോദ്ധ്യപ്പെട്ടു. ഈ ഘട്ടത്തിൽ അവളുടെ വിചാരം പത്തിരുപതു കൊല്ലങ്ങൾക്കുമുമ്പു അവൾ നയിച്ചിരുന്ന സൌഭാഗ്യജീവിതത്തിലേക്കു പാഞ്ഞു. തന്റെ നല്ലകാലത്തു ഒരുത്തനെയെങ്കിലും ഉപദ്രവിച്ചെന്നോ ഒരു അഗതിയെയെങ്കിലും സഹായിക്കാതെ വിട്ടെന്നോ ദൈവത്തെ മറന്നെന്നോ ഉള്ള പശ്ചാത്താപം അവൾക്കുണ്ടാകാൻ വഴിയില്ലാതിരുന്നതിനാൽ ആ ചിന്ത അവളെ വളരെ വ്യസനിപ്പിച്ചില്ല. എന്നാൽ ആ ജീവിതവും ഇപ്പോഴത്തെ ദയനീയാവസ്ഥയും തമ്മിലുള്ള വലിയ വ്യത്യാസം അവളുടെ മനസ്സിനെ ഇളക്കി. ഒടുവിൽ "ഹാ ദൈവമേ, ഞാൻ എന്നും അങ്ങേ ഇഷ്ടംചെയ്വാൻ ശ്രമിച്ചിട്ടുണ്ടു. തെറ്റിപ്പോയെങ്കിൽ എനിക്കു മാപ്പുതരണം. അങ്ങുന്നു എന്നെ കൈവിടുകയില്ല നിശ്ചയം". എന്നിങ്ങിനെ പറഞ്ഞുകൊണ്ടു മുന്നോട്ടുതന്നെ നടന്നു. താൻ തനെ താൻ ഞെരുങ്ങിയിട്ടുപോലും അനേക അഗതികളെ സഹായിച്ചിട്ടുള്ളതോർത്തു ദൈവത്തോടു പരിഭവിക്കയെന്ന ഒരു വിചാരം ഇതുവരെക്കെയായിട്ടും അവളെ സ്പർശിക്കുപോലും ചെയ്തില്ല.

ഒടുവിൽ കച്ചേരിതെരുവിലെത്തി. മുന്നു പ്രൊട്ടസ്റ്റീകളുടെ മേൽവിലാസം അവളുടെ കയ്യിലുള്ള ഒരുകഷണം കടലാസ്സിൽ എഴുതീട്ടുണ്ടായിരുന്നു. അവൾ അതെടുത്തുനോക്കി ഒന്നാമത്തെ വീട്ടിൻറെമ്പിൽ ചെന്നു മണിയടിച്ചു. ഉടനെ ഒരു ചെറുപ്പക്കാരി വാതിൽ തുറന്നു. ഗഹനായികയെ കണേണമെന്നു അപേക്ഷിച്ചതനുസരിച്ചു അവൾ മറെറാരു മുറിയിലേക്കുപോയി. നമ്മുടെ വൃദ്ധയാകട്ടെ ക്ഷീണം സഹിക്കവയ്യാതെ ഒരു കസേലയിൽ ഇരുന്നു. അല്പനേരംകഴിഞ്ഞു വേലക്കാരി തിരിച്ചുവന്നു നിങ്ങൾക്കു എന്തെങ്കിലും യാചിപ്പാനോ വില്പാനോ

ആണെങ്കിൽ നിങ്ങളെ കാണാൻ സമയമില്ല" എന്നു യജമാനസ്ത്രീ പറഞ്ഞതായി അറിയിച്ചു. ക്രൂരമായ ആ വാക്കുകൾകേട്ട നമ്മുടെ വൃദ്ധ ഒന്നു ഞെട്ടി. അവളുടെ ആശ അസ്തമിച്ചു. അവളുടെ കണ്ണുകൾ നിറഞ്ഞു. ഉടനെ പ്രയാസപ്പെട്ട എഴുന്നേറ്റു അവിടെനിന്നു പുറത്തിറങ്ങി.

രണ്ടാമത്തെ വീട്ടിൽ മണിയടിച്ചിട്ടും ആശിച്ച ഫലമുണ്ടായില്ല. അവിടത്തെ പ്രൂട്ടസ്ത്രീ അവിടെ ഉണ്ടായിരുന്നില്ല. ഇനി ഒരു വീട്ടിൽകൂടി മാത്രമെ പരീക്ഷിക്കേണ്ടതുള്ളൂ. അവിടേയും ഫലം ഇതാണെങ്കിൽ ഹാ! അവളുടെ ഭാവിയെന്തായിരിക്കും! എന്തായാലും ഒന്നു പരീക്ഷിക്കുകതന്നെ എന്നു വിചാരിച്ചു മണിയടിച്ചു. കതകുതുറന്ന വേലക്കാരി തണുപ്പുകൊണ്ടു കിടുകിടെ വിറക്കുന്ന സാധുവൃദ്ധയെ കണ്ടു ഉടനെ അവളെ മുറിയുടെ നടുവിൽ വെച്ചിട്ടുള്ള തീയുടെ അടുത്തു ഒരു കസാലയിന്മേൽ ഇരുത്തിയശേഷം വന്നകാര്യമെന്തെന്നു ചോദിച്ചു. വീട്ടനായികയെ കാണണമെന്നു പറഞ്ഞ ഉടനെ അവൾ അകത്തുചെന്നു പ്രൂട്ടസ്ത്രീയോടു വിവരം പറഞ്ഞു. "ഇന്നു എനിക്കു വളരെ ധൃതിയുണ്ടല്ലൊ. അത്യാവശ്യമായി കാണേണ്ട ആളാണൊ?" എന്നു ആ സ്ത്രീ വേലക്കാരിയോടു ചോദിക്കുന്നതും "അവരുടെ കയ്യിൽ ഒരു ചെറിയ സഞ്ചിയുണ്ട്. എന്തോ വില്ക്കാൻ വന്നതാണെന്നു തോന്നുന്നു. കണ്ടിട്ടു തീരെ ദരിദ്രയാണെന്നും തോന്നുന്നു" വെന്നു വേലക്കാരി പറയുന്നതും വൃദ്ധ സ്പഷ്ടമായി കേട്ടു. അവളുടെ ഹൃദയം തുടിച്ചുതുടങ്ങി. അപ്പോൾ ഗൃഹനായിക വാതുക്കലെത്തി. സൌന്ദര്യവും ദീനദയാലുത്വവും കവിഞ്ഞൊഴുകുന്ന ഗൃഹനായികയും ദുസ്സഹമായ വ്യസനങ്ങളെ സഹിച്ചിട്ടും ശാന്തതവെടിയാത്ത അഗതിയായ വൃദ്ധയും പരസ്പരം നോക്കി. ഒരു നിമിഷനേരം ഗൃഹനായിക സംശയിച്ചു നില്ക്കുന്നതിനിടയിൽ വൃദ്ധ കസേലയിൽനിന്നു എഴുന്നേറ്റു. അപ്പോൾ ഗൃഹനായിക അടുത്തുവന്നു "വേണ്ട, എഴുന്നേല്ക്കണ്ട; വന്നകാര്യം പിന്നെ പറയാം; ഒരുപാതം കാപ്പികുടിക്കു. എന്നിട്ടാവാം" എന്നു സൌമ്യമായി പറഞ്ഞുകൊണ്ടു വൃദ്ധയുടെ അടുത്തിരുന്നു.

വൃദ്ധ തന്റെ ദുഃഖങ്ങളെല്ലാം മറന്നു. തീയുടെ സഹായത്താലും കട്ടംകാപ്പിയുടെ ശക്തികൊണ്ടും വൃദ്ധയുടെ വിറയലും ക്ഷീണവും മാറി. പ്രൂട്ടസ്ത്രീയുടെ സഹതാപത്തോടു കൂടിയ നോട്ടവും പെരുമാറ്റവും അവളെ ധൈര്യപ്പെടുത്തി. താൻ അഗതിയും അടുത്തിരിക്കുന്ന സ്ത്രീ ഗൃഹനായികയായ പ്രൂട്ടസ്ത്രീയുമാണെന്നുകായ്യം അവൾ തല്ക്കാലം മറന്നു. ഇതിനിടയിൽ തന്റെ മടിയിൽനിന്നു രേന്തകൾവച്ചിരുന്ന സഞ്ചി താഴെ വീണപ്പോളാണു അവൾ വന്ന കായ്യമോർത്തതു. ഉടനെ "ഞാൻ

ഒന്നും യാചിപ്പാൻ വന്നതല്ല: എന്റെ കൈയിൽ ചില രേന്തകൾ ഉണ്ടു" എന്നു പറഞ്ഞുതുടങ്ങിയപ്പോൾ "അതൊക്കെ പിന്നെയാകാം. ഒരു പാത്രം കാപ്പികൂടി കുടിക്കണം. കുറെ പലഹാരംകൂടെ തിന്നിട്ടു നമുക്കു രേന്തനോക്കാം" എന്നു പ്രൌഢസ്ത്രീ മറുപടി പറഞ്ഞു.

കാപ്പികുടികഴിഞ്ഞു രേന്തകൾ പരിശോധിച്ചു അതെല്ലാം ആ പ്രൌഢസ്ത്രീ വാങ്ങി. ഇരുപതുറുപ്പികയുടെ രേന്തകൾ ഉണ്ടായിരുന്നു. ഒടുവിൽ "ഈ രേന്തകളുടെ വില വളരെ ആദായമാണ്. അതു അങ്ങിനെയല്ലായിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു. എന്തെന്നാൽ അപ്പോൾ ഞാൻ നിങ്ങൾക്കു ഒരു സഹായം ചെയ്യുവാനും വശമായിരുന്നു. അതിനു ഞാൻ എത്ര ആഗ്രഹിക്കുന്നുവെന്നു നിങ്ങൾ അറിയുന്നില്ല" എന്നു ഗൃഹനായിക പറഞ്ഞു. ആർദ്രചിത്തയായ പ്രൌഢസ്ത്രീയുടെ വാക്കുകൾ കേട്ടു നമ്മുടെ വൃദ്ധയുടെ മനസ്സിളകി. താൻ അതുവരെ ആരോടും പറഞ്ഞിട്ടില്ലാത്ത അവളുടെ കഥ—വ്യസനകരമായ ആ ചരിത്രം—അവൾ ആ പ്രൌഢസ്ത്രീയോടു പറഞ്ഞു. ചെറുപ്പത്തിലുണ്ടായിരുന്ന സൌഭാഗ്യവും ഭർത്താവിനേറെയും ഏക പുത്രിയുടേയും മരണവും ദ്രവ്യനാശവും പിന്നിട്ടുണ്ടായ പട്ടിണിയും ഇപ്പോഴത്തെ നിർഭാഗ്യാവസ്ഥയും മുറുക്കത്തിൽ പറഞ്ഞു കേൾപ്പിച്ചു. അപ്പോൾ പ്രൌഢസ്ത്രീ ഇങ്ങിനെ പറഞ്ഞുതുടങ്ങി.

പ്രൌഢസ്ത്രീ: "ഞാൻ ദാരിദ്ര്യം അനുഭവിച്ചിട്ടുണ്ടു അതിന്റെ ദുഃഖം എനിക്കറിയാം. ഞാൻ ചെറുപ്പത്തിൽ ചിത്രംവര പഠിക്കാൻ തലസ്ഥാനനഗരിയിൽപോയി. പഠനംകഴിഞ്ഞു അവിടെ താമസിച്ചു ചിത്രംവരച്ചു വില്ക്കാൻ ആരംഭിച്ചു. എന്റെ ചിത്രങ്ങൾ വാങ്ങാൻ യാതൊരുത്തനുമുണ്ടായിരുന്നില്ല എന്റെ കയ്യിലെ പണം മുഴുവൻ തീർന്നു ഒരു ഡിസമ്പർ മാസം, അതേ ഇന്നത്തെ ദിവസംതന്നെ, ഞാൻ അവിടെ ഒരു പള്ളിയിൽ ദൈവജനനിയുടെ സന്നിധാനത്തിൽ മുമ്പാകെ പ്രാർത്ഥിക്കയായിരുന്നു. അപ്പോൾ ഞാൻ ഭക്ഷണം കഴിച്ചിട്ടു രണ്ടു മണിക്കൂർ കഴിഞ്ഞിരുന്നു. എന്റെ കണ്ണുകളിൽനിന്നു കണ്ണുനീർ ധാരയായി പ്രവഹിച്ചു. ഒടുവിൽ ആരോ എന്റെ പിന്നിൽ തൊട്ടെന്നതോന്നി തിരിഞ്ഞുനോക്കിയപ്പോൾ മനോഹരമായ ഒരു സ്ത്രീ എന്നോടു "നീ എന്താ വ്യസനിക്കുന്നതു" എന്നു ചോദിച്ചു. ഞാൻ എന്റെ ചരിത്രം പറഞ്ഞു. അവൾ ഉടനെ കീശയിൽനിന്നു രണ്ടു പത്തുറുപ്പിക നോട്ടുകൾ എടുത്തു എനിക്കുതന്നു. ഞാൻ നന്ദിപറഞ്ഞുപോയി. പിറെദിവസം മുതൽ ഒരു കച്ചവടക്കാരൻ എന്റെ ചിത്രംവാങ്ങി. അദ്ദേഹം

എന്റെ ഭർത്താവായിത്തീർന്നു. ഞങ്ങൾ തമ്മിൽ വിവാഹം ചെയ്യുന്നതിനു കുറെദിവസം മുമ്പു, പഠ ക. തന്നെ എന്നെ രക്ഷിച്ച ആ പ്രൊട്ടസ്റ്റീയെ അന്വേഷിച്ചു. എന്നാൽ കണ്ടില്ല. ഒടുവിൽ ഞാൻ പള്ളിയിൽചെന്നു അച്ചനോടു ചോദിച്ചു. അവൾ ഒരു വിധവയാണെന്നും ഒരു ബാങ്കു പൊളിഞ്ഞപ്പോൾ അവരുടെ മുതലെല്ലാം നശിച്ചെന്നും അന്നു അച്ചന്റെറയടുക്കൽ ചെന്നിരുന്നെന്നും അവരുടെ കീശയിൽ കിടന്നിരുന്ന പഠ ക. യുടെ നോട്ടല്ലാതെ വേറെ സ്വത്തു ഒന്നും അവക്കില്ലെന്നു അച്ചനോടു പറഞ്ഞുവെന്നും അവൾ ആ സ്ഥലം വിട്ടുപോയിയെന്നും അച്ചൻ പറഞ്ഞു. അപ്പോളാണു എനിക്കു കാര്യം മനസ്സിലായതു്. അവർ എനിക്കു തന്നതു അവക്കു ശേഷിച്ച പഠ ക. യായിരുന്നു. അതിൽപിന്നെ ഇന്നാണു അവരെ കണ്ടതു. ക്ഷമിക്കണം. ഇതാ ആ ഇരുപതുറുപ്പിക മടക്കിത്തരുവാൻ അനുവദിക്കണം

ഇരുപതുകൊല്ലങ്ങൾക്കുമുമ്പു താൻചെയ്ത ഔദാര്യഫലം ഇപ്പോൾ അനുഭവിപ്പാൻ ഇടവന്നതിനാൽ നമ്മുടെ വൃദ്ധയും ആ ഔദാര്യംമൂലം രക്ഷപ്പെട്ട പ്രൊട്ടസ്റ്റീയും പരസ്പരം ആലിംഗനംചെയ്തു. രണ്ടുപേരും തങ്ങളെ രക്ഷിച്ച അമലോത്ഭവ ജനനിക്കു നന്ദിപറഞ്ഞു. നമ്മുടെ വൃദ്ധിയുടെ താമസം അന്നുമുതൽ ആ പ്രൊട്ടഗൃഹത്തിൽതന്നെയാക്കിയെന്നു വിശേഷാൽ പറയേണമെന്നില്ലല്ലൊ.



അമേരിക്കരുടെ പ്ലാൻ അനുസരിച്ചുള്ള കത്തോലിക്കാബോയി സ്സ്കൗട്ടസൈന്യങ്ങൾ ഏർപ്പെട്ടതുന്നതിൽ ഐർലണ്ടിൽ വളരെയധികം അഭിവൃദ്ധി കാണുന്നുണ്ടു്. ലിമെറിക് എന്ന പ്രദേശത്തു ഒരു കൗൺസിൽ അല്ലെങ്കിൽ മഹാസംഘം സ്ഥാപിച്ചുകഴിഞ്ഞു. ഓരോ ഇടവകയിലും ഉള്ള സൈന്യങ്ങളെല്ലാം ഓരോ കപ്പോന്റെ കീഴിലായിരിക്കും.

* * * *

ഈയിടെ ഹേയിഗിൽവച്ചുകൂടിയ കത്തോലിക്ക് സിനീമാകോൺഗ്രസ്സിലെ തീരുമാനമനുസരിച്ചു് പാരീസ് നഗരത്തിൽ ഒരു സ്ഥിരമായ കത്തോലിക്കാ ഇൻറർനാഷണൽ സിനിമാ ആപ്പീസു സ്ഥാപിക്കുന്നതിനു തീർച്ചയാക്കിയിരിക്കുന്നു. യൂറോപ്പിൽ സിനീമാ വിഷയത്തിൽ പരിശ്രമിക്കുന്ന കത്തോലിക്കാ ലോകത്തിന്റെറ സഹകരണത്തെ ഈ വിഷയത്തിൽ സ്വീകരിക്കുന്നതാണു്.

മെത്രാപ്പോലീത്തൻ തിരുനാൾ മംഗളഗാനം.

(ജോസ്. എൽ. ശ. മാപ്പുങ്കൽ.)

("ഭാരതശ്രീഹാതോമ്മാ" or "രവീന്ദ്രനാഥടാഗോർ" എന്നരീതി)

മാറാഹസ്തീനോസ് നീണാൾ വിലസിടട്ടെ!

1. പ്രാതിപെട്ട കേരളത്തിൽ ആയ്സിയ്ക്കായി
ആദ്യമെത്രാപ്പോലീത്തായായ് പാല്യമേറുതാതൻ
മാല്യമേറുനാഥൻ - കല്യൻപൂജ്യപാദൻ - നീണാൾ...മാ...

2, എണ്ണുകുളംശ്രുപതയെ വണ്ണനാതീതംമഹാ
ഗണ്യപദമേറിഭരിച്ചീടും ശ്രേഷ്ഠാചായ്ൻ
സീയ്കുലസൂയ്ൻ - ചാരുശീലക്കായ്ൻ - നീണാൾ.....മാ...

3. പൂപ്പീകന്മാർ കാണാൻ വൃഥാ ആഗ്രഹിച്ചഭാഗ്യം
കൈവഹിച്ച ദൈവത്തിനു സ്തോത്രമയത്തീടാൻ
വേദം പരത്തീടാൻ - ജ്ഞാനം വിതച്ചീടാൻ - നീണാൾ..മാ..

4. പണ്ടു "കരിയാറിൽ" പൂണ്ടങ്ങാണ്ടുപോയരത്നം
വിണ്ടുകൊണ്ടു "കണ്ടത്തി" ലുദിച്ചയന്നമ്മെ
പാലിക്കുന്നോൻ മേന്മേൽ - ലാളിക്കുന്നോൻ ചെമ്മെ -
നീണാൾ.....മാ.....

5. ക്നനൻകുരിശിങ്കൽ വച്ചകന്നസോദരരേ!
ഏനമിത്രതന്നെ വേഗം വന്നു താതഗേഹം
ചേർന്ധനഭാഗം - വാങ്ങിനിക്കിൻ ഖേദം - നീണാൾ...മാ...

6. വാലൻ ബുദ്ധൻ മുസ്ലീം മേനോൻ തീയ്യനയ്യരാകെ
ചാലെ ക്രീസ്തനാമം പാടി കത്തോലീക്കരായി
ഏകജാതിയായി - വേഗം കാണാനായി - നീണാൾ....മാ....

N. B:— നമ്മുടെ വന്ദ്യ മെത്രാപ്പോലീത്താച്ചന്റെ നാമകാരണൻ വി. ആഹസ്തീനോസിന്റെ തിരുനാൾ ആഗസ്റ്റ് 2വ-ാംനു യാകുന്നു.

ഇതാണോ പ്രതിഫലം?

(പി. കെ. പരവര)

ആൽഫ്രഡ് വളരെ സമർത്ഥനായ ഒരു ബാലനായിരുന്നു. മാതാപിതാക്കന്മാരിൽ നിന്നാകട്ടെ, ഗുരുനാഥന്മാരിൽ നിന്നാകട്ടെ യാതൊരു ശകാരവും കേൾക്കുന്നതിന്നു അവൻ ഇടവരുത്തീട്ടില്ല. അവൻ ദൈവഭക്തിയും അനുസരണയും, വിനയവും ശാന്തശീലവുമുള്ളവനായിരുന്നു. ഇപ്രകാരം സൽസ്വഭാവിയായ ആൽഫ്രഡിനെ വികാരിയായിരുന്ന ബഃ പ്രാൻസീസച്ചൻ അൾത്താര ശുശ്രൂഷകനായിത്തിരഞ്ഞെടുത്തതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല.

വളരെ നാളായി ആശിച്ചിരുന്നുകിട്ടിയ ഈ ജോലി ദിവസേന തൃപ്തികരമാകുംവണ്ണം നടത്തിക്കൊണ്ടു പോരുന്നതിന്നു, വീടും പള്ളിയുമായുള്ള രണ്ടു നാഴിക ദൂരമോ, ശീതകാലത്തെ കഠിനമഞ്ഞോ, സ്സ്കൂൾജോലികളോ പ്രതിബന്ധമായി ആൽഫ്രഡിന്നു തോന്നിയില്ല. ഈ ബാലന്റെ ഇപ്രകാരമുള്ള കൃത്യനിഷ്ഠയും ദൈവശുശ്രൂഷയിലുള്ള താല്പര്യവും കണ്ടു ബഃ പ്രാൻസീസച്ചൻ "നിന്റെ ഈ സൽകൃത്യങ്ങൾക്കു നമ്മുടെ കർത്താവീശോമിശിഹാ നിശ്ചയമായും സ്വർഗ്ഗത്തിൽ വലിയ സമ്മാനം തരും" എന്നു കൂടക്കൂടെ പറയുക പതിവായിരുന്നു.

കുട്ടികൾക്കു സഹജമായ സ്വഭാവമനുസരിച്ചു ഈ വലിയ സമ്മാനം കിട്ടേണമെന്നു ആൽഫ്രഡ് ആഗ്രഹിച്ചിരുന്നു. സ്വർഗ്ഗീയാനന്ദങ്ങൾ അടങ്ങിയ ചില സ്വപ്നങ്ങൾ ചിലപ്പോളെല്ലാം അവൻ കാണാറുണ്ടു്. വികാരിയച്ചൻ പറഞ്ഞ സ്വർഗ്ഗീയ സമ്മാനങ്ങൾ വേഗം കിട്ടേണമെന്നുള്ള ആശ ഈ സ്വപ്നങ്ങൾ അവനിൽ വർദ്ധിപ്പിച്ചതേയുള്ളൂ.

ഒരിക്കൽ ആൽഫ്രഡിനു് താഴെ കാണുന്ന അത്ഭുതകരമായ സ്വപ്നമുണ്ടായി. അൾത്താര ശുശ്രൂഷകന്റെ ഉടുപ്പോടുകൂടി അവൻ സ്വർഗ്ഗവാതുക്കൽചെന്നു അവിടത്തെ വലിയ മണി പിടിച്ചടിക്കുകയും, അതിശയകരമാംവണ്ണം വാതിൽ തുറക്കപ്പെടുകയുംചെയ്തു. ഉടനെ പത്രോസ് ശ്ലീഹാ വന്നു സൗമ്യഭാവത്തിൽ അവനോടു എന്താണാവശ്യമെന്നു ചോദിച്ചു. ഒട്ടും മടിക്കാതെ, തനിക്കു സ്വർഗ്ഗത്തിൽ പ്രവേശിക്കണം എന്നു ആൽഫ്രഡ് ഉത്തരംപറഞ്ഞു. താൻ പ്രാൻസീസച്ചന്റെ അൾത്താര ശുശ്രൂഷകനാണെന്നും ആയിരം കുമ്പാനകൾ കൂടീട്ടുണ്ടെന്നും പ്രസ്താവിക്കയും തന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പാൻ ദയവായി അനുവദിക്കണമെന്നു

അപേക്ഷിക്കയുംചെയ്തു. പത്രോസ്ശ്ലീഹാ ഗൌരവഭാവത്തിൽ "നിന്റെ സൽപ്രവൃത്തികളുടെ കണക്കുകൾ പരിശോധിച്ചു നോക്കട്ടെ" എന്നുപറഞ്ഞുകൊണ്ടു, സപ്തണ്ണാക്ഷരങ്ങളിൽ "ആൽപ്രഡ്" എന്നു പുറത്തെഴുതിയിരുന്ന ഒരു പുസ്തകം കൊണ്ടുവന്നു പരിശോധന നടത്തി. "നിന്റെ ആയിരം കുമ്പാനയുടെ കണക്കു ഇതിലില്ല. കഷ്ടിച്ചു ഇരുപതു കുമ്പാനക്കു നീ സഹായിച്ചതായി മാത്രമെ ഇതിൽ എഴുതപ്പെട്ടിട്ടുള്ളൂ" എന്നു പറഞ്ഞു.

ഇതുകേട്ടമാത്രയിൽ ആൽപ്രഡ് സ്തംഭിച്ചുപോയി. കഷ്ടം! യാതൊരു മുപടിയും പറയുന്നതിനു അവന്റെ നാവു പൊങ്ങുന്നില്ല. ആയിരം ഇരുപതായിക്കുറഞ്ഞ കാരണമെന്തെന്നു അവനു മനസ്സിലായതുമില്ല. "ഞാൻ ഇത്രയെല്ലാം ചെയ്തിട്ടും ഇതാണോ പ്രതിഫലം" എന്നു മനസ്സുകൊണ്ടു തന്നത്താൻ ചോദിച്ചു.

ആൽപ്രഡിന്റെ മനോഗതി മനസ്സിലാക്കിയ പത്രോസ്ശ്ലീഹാ ഉടനെ അവന്റെ കുറവിവരപട്ടിക അടങ്ങിയ ഒരു പുസ്തകം എടുത്തു അവന്റെ കൈയിൽ കൊടുത്തു. പുസ്തകത്തിന്റെ താളുകൾ മറിച്ചു അവൻ സൂക്ഷ്മമായി നോക്കിത്തുടങ്ങി. വശങ്ങൾതോറും അവന്റെ പശ്ചാത്താപപ്പെടാത്ത കുറവുകൾ വിവരിച്ചെഴുതിയിരിക്കുന്നതു കണ്ടു കുട്ടി കരഞ്ഞുപോയി.

ഇരുന്നൂറിനാല്പതുതവണ നല്ല 'സൂർപ്ലേശ്' തിരിഞ്ഞെടുക്കുകയും, ഇരുന്നൂറാമ്പതുതവണ മറുള്ള കുട്ടികാരെക്കാൾ കൂടുതൽ അധികാരം തനിക്കുണ്ടെന്നു കാണിക്കളെ ഗ്രഹിപ്പിക്കുമാറു പ്രവൃത്തിക്കയും ചെയ്തതിനാൽ, നിഗളിയായും; അൻപതുപ്രാവശ്യം നല്ല സൂർപ്ലേശ് തിരിഞ്ഞെടുക്കുവാൻ വേണ്ടി മറുകുട്ടികളുമായി വഴക്കിട്ടകാരണം, തല്ലുപിടിത്തക്കാരനായും; കുമ്പാന സമയത്തും മറും അങ്ങുമിങ്ങും തിരിഞ്ഞുനോക്കുകഹേതുവാൽ ഉതപ്പിനു കാരണക്കാരനായും; പ്രാർത്ഥന മുതലായതു ഭക്തിയോടുകൂടി ചൊല്ലായ്കമൂലം ദൈവദ്രോഹിയായും; ഇപ്രകാരം പലപ്രകാരത്തിലുള്ള തന്റെ കുറവുകൾ രേഖപ്പെടുത്തിയിരിക്കുന്നതായി ആൽപ്രഡ് അതിൽകണ്ടു. ഉടനെ അവൻ പൂർണ്ണമായി മനസ്താപപ്പെട്ടു ഉള്ളുകൊണ്ടു ദൈവത്തോടു മാപ്പപേക്ഷിച്ചു.


ആൽപ്രഡിന്റെ ഈ ഭാവവ്യത്യാസം കണ്ടുനിന്നിരുന്ന പത്രോസ്ശ്ലീഹാ അവനോടു പറഞ്ഞു. "നീ തീക്ഷ്ണതയോടുകൂടി സഹായിച്ച ഇരുപതുകുമ്പാനക്കു സമ്മാനമായി ഇരുപതിരട്ടി സമ്പൽഭാഗ്യം നിനക്കു

തരപ്പെട്ടം. ആയിരവും നല്ല ശ്രുഷ്ണാന്തിയോടുകൂടി ചെയ്തിരുന്നു വെങ്കിൽ, നിന്റെ സ്വർഗ്ഗീയാനന്ദം ആയിരം മടങ്ങായിരുന്നേനെ. ഭക്തിയില്ലാതെ സഹായിച്ച തൊള്ളായിരത്തെൺപതു കുബ്ബാന ഓരോന്നിനും മറേറാരോ തെറ്റുകൾക്കും പരിഹാരമായി നീ ശുദ്ധീകരസ്ഥലത്തിൽ ഓരോമണിക്കൂർവീതം കിടന്നു വേദന അനുഭവിക്കണം."

പത്രോസ്സ്ലീഹായുടെ ഉപദേശമവസാനിച്ചതും ആൽപ്രഡ് സ്വപ്നത്തിൽ നിന്നുണർന്നതും ഒന്നിച്ചുകഴിച്ചു.

ആൽപ്രഡിനു ആകപ്പാടെ ഒരു മാറ്റം സംഭവിച്ചു. കുബ്ബാനകൂടുന്നതിലും, പ്രാർത്ഥനകൾ ചൊല്ലുന്നതിലും മറ്റു നന്മപ്രവൃത്തികൾ ചെയ്യുന്നതിലും അവൻ ഒരു മാതൃകാ ബാലനായിത്തീർന്നു.

ആൽപ്രഡ് അൾത്താരശുശ്രൂഷകന്മാർക്കെന്നല്ലാ, നമുക്കോരോരുത്തർക്കും ഒരു മാതൃകാബാലനായിരിക്കട്ടെ!



വിശുദ്ധ വെൻസെസ്ലാവൂസിന്റെ ആയിരാമതുവർഷം തികയുന്ന പെരുന്നാൾ പ്രേഗിൽവച്ച് ആഘോഷിക്കേണ്ടതിനായി സെക്കൊസ്ലോവാക്കിയായിലെ കത്തോലിക്കർ ഉത്സാഹമായി വട്ടം കൂട്ടിവരുന്നുണ്ട്.

* * * *

ഒന്നാമത്തെ ഹംഗേയ്യൻനാഷണൽ യൂക്കാരിസ്റ്റിക് കോൺഗ്രസ്സിന്റെ യോഗം ബുഡാപെസ്റ്റ നഗരത്തിൽവച്ചു അടുത്ത ഒക്ടോബർമാസത്തിൽ നടക്കുന്നതാണ്.

* * * * *

കർദ്ദിനാൾ ഡാഗൊർട്ടിയവകളുടെ രജതജൂബിലിയ്ക്ക് ഫിലാഡൽഫിയായിലെ എല്ലാ ഇടവകകളിലും നിന്നു ൨൦൦,൦൦൦ കത്തോലിക്കാ ജനങ്ങൾ ഹാജരുണ്ടായിരുന്നതായിക്കാണുന്നു.

* * * *

ബാർട്ടിമോറിലെ മെത്രാപ്പോലീത്തായായിരുന്ന പരേതനായ കർദ്ദിനാൾ ഗിബ്ബൺസിന്റെ സ്മാരകമായി വലിയ കത്തോലിക്കാറേഡിയൊ സ്റ്റേഷൻ സ്ഥാപിക്കേണ്ടുന്നതിലേക്കു നൈറ്റ്സ് ഓഫ് കൊളമ്പസ് എന്ന ഗണത്തിന്റെ സെൻവറിലെ സൂനഹദോസു ഉത്സാഹം ചെയ്യുവരുന്നുണ്ട്.

'അന്നാ' സ്തോത്രം.

(വി. അന്നായുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഒരു ബോർഡിങ്ങിലെ ബാലികകൾ ആ വിശുദ്ധയുടെ തിരുനാൾ ദിവസം പാടിയതു)

(ജോസിയാസ്. എ. മ.)

1. കന്നിമാതാവാകും മേരിക്കമ്മയാകാൻ ഭാഗ്യംപൂണ്ടു
'അന്ന'യെന്ന പൊന്നുപേരാൽ മിന്നിടുന്ന ധന്യാമണേ!

2. വൃക്ഷഫലം നോക്കിച്ചിട്ടും ലക്ഷ്യമല്ലൊ തത്തൽഫലം,
രക്ഷകന്റെ മാതാവു, നിൻപുത്രിയെങ്കിൽ, നീയാരഹോ!

3. സൃഷ്ടികളിൽ ശ്രേഷ്ഠയും തൻ സൃഷ്ടിതാവിന്നിഷ്ടയും, നിൻ
ശ്രേഷ്ഠിതനിൽ ശിക്ഷിതയായ്, ശിഷ്ടമിനിസ്സുഷ്ടമല്ലൊ.

4. ബാലികമാർഞങ്ങൾക്കുള്ളോരാലയമാമീസ്ഥാപനം
ചാലവെനിൻ പാലനയിൽ ലാലസിച്ചീടേണം നാഥേ!

5. കന്യകയ്ക്കു മമ്മയ്ക്കും വന്ദ്യാലക്ഷ്മാം മേരിയെപ്പോൽ
ധന്യരായിമന്നിടത്തിൽ ഞങ്ങളേയുംനീ കാക്കണേ.

6. ദൈവസ്നേഹമാദിയായ സൽഗുണസമ്പൽസാകല്യം
കൈവളത്തി വാണീടുവാൻ വേണമമ്മേനിൻദാനങ്ങൾ.

7. ലോകമായാവേഷംകണ്ടു വ്യാമോഹിച്ചുപോകായ്വാനായ്
തക്കഭക്തി, പകപബുദ്ധി, എന്നിവനീയേകേണമെ.

8. വിദ്യാധനം ലഭ്യമാകാൻ ഉദ്യമങ്ങൾ ഞങ്ങളെല്ലാം
കൃത്യമായി നിത്യംചെയ്വാൻ ബുദ്ധിചൊല്ലിത്തന്നിടണം.

9. ഇന്നുഞങ്ങളെല്ലാമങ്ങെ സന്നിധിയിൽ വന്നുകൂടി
വന്ദനങ്ങൾ നന്ദിയോടെ തന്നീടുന്നോം ധന്യേ, നാഥേ!

10. ഞങ്ങളുടെ ആത്മംദേഹം ഞങ്ങൾക്കുള്ള മറ്റെല്ലാവും
അങ്ങയുടെ പാലനയിൽ ഭാഗഭക്ത്യാ സമർപ്പിക്കാം.

ആബർദീനിലെ പെട്ടിസാമാനക്കാരൻ.

(ജെ. ടി. പി. എടാട്ട്)

സ്കോട്ട്ലണ്ടിൽ അധികം ആൾപാർപ്പുള്ള ആബർദീൻ പട്ടണത്തിനടുത്തുതന്നെ മൊറെ ഉൾക്കടൽവരെ വിസ്തീർണ്ണമായികിടക്കുന്ന ഒരു വിജനപ്രദേശമുണ്ട്. അതിന്റെ വടക്കുഭാഗത്തു ഒരു ഇടുങ്ങിയ സ്ഥലത്തായി ചില കുത്തോലിക്കാ കുടുംബങ്ങൾ അധിവസിച്ചിരുന്നു. ഒന്നാമതായി സ്കോട്ട്ലണ്ടിലുണ്ടായ മതവിപ്ലവത്തിന്റെ ആരംഭത്തിൽ ആബർദീൻ പട്ടണത്തിൽ പ്രോട്ടസ്റ്റാന്റുകാരിയാതെ താമസിച്ചിരുന്ന ഒരു മെത്രാൻ ആ കുടുംബങ്ങളെ സന്ദർശിച്ചു ഉപദേശങ്ങളും കൂദാശകളും കൊടുത്തു അവരെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തിവന്നിരുന്നു. മതപീഡ ശക്തിപ്പെട്ടപ്പോൾ അദ്ദേഹം ഒരു പെട്ടിസാമാനക്കാരന്റെ വേഷം എടുത്തു. പുസ്തകം, ചരടു, സൂചി, കളിക്കോപ്പുകൾ, മരുന്നുകൾ മുതലായ പല സാമാനങ്ങളും വ്യാപാരംചെയ്യ ശത്രുക്കൾക്ക് യാതൊരു സംശയവും കൊടുക്കാതെ തന്റെ വാത്സല്യമക്കളെ സന്ദർശിച്ചു തന്റെ പ്രേഷകവൃത്തിയെ തുടർന്നുകൊണ്ടിരുന്നു.

പ്രശാന്തരമണീയമായ ഒരു ദിവസം ഉച്ചകഴിഞ്ഞു അദ്ദേഹം തന്റെ നിരന്തര മിഷ്യനരിവേലയ്ക്കായി പുറപ്പെട്ട് മുൻപറഞ്ഞ വിജനപ്രദേശത്തിൽക്കൂടെ യാത്രചെയ്തുകൊണ്ടിരിക്കുമ്പോൾ ചുറ്റുമുള്ള സ്ഥലങ്ങളെല്ലാം പെട്ടന്നു അന്ധകാരമയമായി കാണപ്പെട്ടു. ആകാശം കർമേഘപടലങ്ങളാൽ നിറഞ്ഞു. താമസംവിനാ മഹാമാരിയും ചൊരിഞ്ഞുതുടങ്ങി. ഇടിനാദങ്ങളും വളരെ ഭയങ്കരങ്ങളായിരുന്നു. മഴയിൽനിന്നു രക്ഷപ്പെടുന്നതിനായി അദ്ദേഹത്തിന്റെ കൈവശം യാതൊരു ഉപകരണങ്ങളുമുണ്ടായിരുന്നില്ല. തന്റെ സൂക്ഷത്തിലുള്ള ആത്മാക്കളുടെ അപകടസ്ഥിതിയെ ഓർത്തു, ആ മഹാമാരിയെ ഗണ്യമാക്കാതെ യാത്രതുടർന്നുവെങ്കിലും ക്ഷീണവും നനഞ്ഞ സാമാനങ്ങളുടെ ഭാരവും അധികമധികം പോകുന്നതിനു അദ്ദേഹത്തെ അനുവദിച്ചില്ല. മഴയുടെ ശ്രോതകുറഞ്ഞുതുടങ്ങി. സമയം പതിനൊന്നുമണികഴിഞ്ഞു. അദ്ദേഹം ഇരുന്നിരുന്ന സ്ഥലം അപരിചിതമായ ഒന്നുതന്നെയായിരുന്നു. നാലുവശവുമുള്ള കുറ്റിക്കാടുകളല്ലാതെ ആ രാവ് കഴിച്ചുകൂട്ടുന്നതിനു യാതൊരു സ്ഥലവും കാണ്മാനുണ്ടായിരുന്നില്ല. മുട്ടിന്മേൽനിന്നു അദ്ദേഹം ജപമാലചൊല്ലുവാൻ ആരംഭിച്ചു നമസ്കാരംകഴിഞ്ഞു നോക്കിയപ്പോൾ കുറെ അകലെ

ലെയായി ഒരു വെളിച്ചം കണ്ടതിനാൽ ആ ഭാഗത്തേയ്ക്കു അദ്ദേഹം സാവധാനം നടന്നുതുടങ്ങി.

ദൈവസഹായത്താൽ വിശേഷ അപകടമൊന്നുംകൂടാതെ കുറെ കാട്ടുകളുടെ ഇടയിൽക്കൂടി ഏകദേശം അരമണിക്കൂർസമയം നടന്നു ഒരു ചെറിയ ഭവനത്തിന്റെ സമീപത്തെത്തി. ആ ഭവനത്തിലെ ഗുണവതിയായ ഒരു സ്ത്രീ അദ്ദേഹത്തെ സന്തോഷപൂർവ്വം സ്വീകരിച്ചു പുമട്ടു ഇറക്കുന്നതിനു സഹായിച്ചുകൊണ്ടു, ആ വലിയ നെരിപ്പോടിന്നടുത്തു കിടന്നിരുന്ന കസാലയിൽ ഇരുന്നു തണുപ്പ് മാറുന്നതിനായി സ്ത്രീ സഹജമായ അടക്കത്തോടുകൂടി അദ്ദേഹത്തോടു പറഞ്ഞതിന്റെശേഷം വേറൊരു മുറിയിലേയ്ക്കുപോയി. അവിടെ രോഗബാധിതനായികിടന്നിരുന്ന ഒരാളോടു അല്പസമയം സംസാരിച്ചുകൊണ്ടു ആ സ്ത്രീ അവിടെയുണ്ടായിരുന്ന ചില ഭക്ഷണസാധനങ്ങൾ കൂടാക്കി തന്റെ അതിഥിയ്ക്കു കൊടുത്തു. അവരുമായുണ്ടായ സംഭാഷണത്തിൽനിന്നു താൻ ഉദ്ദേശിച്ച പുറപ്പെട്ട സ്ഥലത്തിന്നിന്നു വളരെ അകലെയുള്ള ഒരു കത്തോലിക്കാകുടുംബത്തിലാണ് ദൈവാനുഗ്രഹത്താൽ എത്തിയിരിക്കുന്നതെന്നും, ആ പ്രദേശത്ത് മതപീഡ ശക്തിയായിട്ടുണ്ടെന്നും മെത്രാനു മനസ്സിലായി. തന്റെ അതിഥിയും ഒരു കത്തോലിക്കനാണെന്നു അറിഞ്ഞതിന്റെശേഷം രോഗമുറിയിലേയ്ക്കുപോയ ആ സ്ത്രീ പരിഭ്രമത്തോടെ ഓടിവന്നിട്ടിപ്രകാരംപറഞ്ഞു.

"എന്റെ ഭർത്താവ് രോഗബാധിതനായി കിടക്കുകയാണ്. രോഗം ഒന്നിനൊന്നു കൂടിക്കൂടിയാണ് കാണുന്നത്. മരണലക്ഷണങ്ങൾ ചിലതെല്ലാം കാണുന്നുണ്ട് അദ്ദേഹം ഇപ്പോൾ മരിക്കയില്ലെന്നുപറഞ്ഞു നന്നു മരണത്തിനൊരുങ്ങാതെയും അതിനുള്ള ജപങ്ങൾ കഴിക്കുന്നതിനും വദിക്കാതെയുമിരിക്കുന്നു. ഒരു വൈദികന്റെ സഹായംകൂടാതെ താൻ മരിക്കുകയില്ലെന്നാണ് അദ്ദേഹം പറയുന്നതു്. ഈ പ്രദേശങ്ങളിലെ സകല വൈദികരേയും ശത്രുക്കൾ നിഗ്രഹിച്ചതിനാൽ അദ്ദേഹത്തിന്റെ ആഗ്രഹം സാധിക്കുന്നകാര്യം പ്രയാസമാണ്. അതിനാൽ നിങ്ങൾ ഭയവായി അടുക്കൽചെന്നു അദ്ദേഹത്തെ നന്മരണത്തിനൊരുക്കേണമെ".

പെട്ടിസാമാനക്കാരനായ ആ മെത്രാൻ ദൈവത്തിനു സ്തോത്രം ചൊല്ലിക്കൊണ്ടു രോഗമുറിയിൽ പ്രവേശിച്ചു. അദ്ദേഹത്തിന്റെ പ്രവേശനത്തോടുകൂടി രോഗിയുടെ ഭാവം പെട്ടെന്നു പകർന്നു. മരണലക്ഷണങ്ങൾ പലതും കാണപ്പെട്ടതിനാൽ അദ്ദേഹം രോഗിയോടു ഇങ്ങിനെ പറഞ്ഞു.

"സ്നേഹിതാ, നിങ്ങളെന്തുകൊണ്ടാണ് മരണത്തിനൊരുങ്ങാത്തത്?

നിങ്ങളിൽ മരണലക്ഷണങ്ങൾ പലതും കാണുന്നുണ്ട്. അതിനാൽ നന്മരണത്തിനു ഇനിയെങ്കിലുമൊരുങ്ങുക. അതിനായി ദൈവത്തോട് സഹായമപേക്ഷിക്കുക".

രോഗി:— "ഞാൻ മരിക്കുന്നതിനു ഇനിയും സമയമായിട്ടില്ല. . . . . "

മെത്രാൻ:— "നിങ്ങൾ മരിക്കുന്നതിനു അധിക താമസമില്ലെന്നു ഞാൻ തീർച്ചപറയുന്നു. നിങ്ങളുടെ നാഡികൾ വളരെ സാവധാനത്തിൽ മാത്രമെ അടിക്കുന്നുള്ളൂ".

രോ: — "അതു വാസ്തവംതന്നെ. എന്നാൽ ഒരു വൈദികന്റെ സഹായംകൂടാതെ ഞാൻ മരിക്കുന്നതിനു ദൈവമിടവരുത്തുകയില്ലെന്നു എനിയ്ക്കു ദൃഢമായ വിശ്വാസവും ശരണവുമുണ്ട്. മുപ്പതു വർഷങ്ങളായിട്ടു നന്മരണലബ്ധിക്കായി ഞാൻ മുടങ്ങാതെ ഒരു നമസ്കാരം കഴിച്ചുവരുന്നുണ്ട്. അതിനാൽ. . . . . "

മെത്രാൻ:— "എന്തു നമസ്കാരമാണ് നിങ്ങൾ കഴിച്ചുവരുന്നത്".

രോ:— "(തന്റെ ജപമാലകാണിച്ചുകൊണ്ട്) പരിശുദ്ധ ദേവമാതാവിന്റെ ഈ ജപമാലയാണ് ഞാൻ കഴിച്ചുവരുന്നത്".

മെത്രാൻ:— "നിങ്ങളുടെ അപേക്ഷ ദൈവം കേട്ടിരിക്കുന്നു ഞാൻ ഒരു കത്തോലിക്കനാണെന്നു മാത്രമല്ല, ഒരു പുരോഹിതനുംകൂടിയാണ്. ശത്രുക്കൾക്കു സംശയംകൊടുക്കാതെ വിശ്വാസികളെ സന്ദർശിക്കുന്നതിനായിട്ടാണ് ഞാൻ വേഷംമാറിനടക്കുന്നത്. ഇന്നത്തെ മഴനിമിത്തം ഞാൻ വഴിപിരിഞ്ഞു ഈ അവസരത്തിൽ ഇവിടെ വരുന്നതിനു ദൈവമിടയാക്കിയത് നിങ്ങളുടെ നിരന്തരമായ അപേക്ഷകളുടെ ഫലമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഉടനെതന്നെ മുഴുവൻകുമ്പസാരത്തിനൊരുങ്ങുക. അന്ത്യകൂദാശകൾക്കുള്ള സകല സാമാനങ്ങളും എന്റെ കൈവശമുണ്ട്".

ആയവസരത്തിൽ ആ കുടുംബാംഗങ്ങൾക്കുണ്ടായ അത്ഭുതത്തേയും സന്തോഷത്തേയും വിവരിക്കുവാൻ പ്രയാസം! അവരെല്ലാവരും ദൈവത്തിനു സ്തുതിപ്പാടിക്കൊണ്ടു രോഗിയ്ക്കുവേണ്ടി അപേക്ഷിയ്ക്കുവാൻതുടങ്ങി. രോഗി സമാധാനത്തോടുകൂടി മുഴുവൻകുമ്പസാരംകഴിച്ചു അന്ത്യലേപനവും സ്വീകരിച്ചു. രോഗത്തിനു അല്പ ശമനംകണ്ടു. അപ്പോൾ സമയം ഒരു മണികഴിഞ്ഞിരുന്നു. ആ സമയത്തിനകം അവിടെതന്നെ ദിവ്യപൂജ അർപ്പിക്കുന്നതിനുവേണ്ട ഒരുക്കങ്ങൾചെയ്തു. ആദ്യശനിയാഴ്ചയായിരുന്നു അന്നു. നമ്മുടെ രോഗി ദിവ്യകാരുണ്യസ്വീകരണവും കഴിച്ചു ഉദ്ദേശം മൂന്നുമണിയോടുകൂടി പരലോകപ്രാപ്തനാവുകയുംചെയ്തു.

രണ്ടു് അത്ഭുതരത്നങ്ങൾ.

(എം. ജെ. എം.)

അർദ്ധരാത്രിയായിരിക്കണം. എങ്കിലും ലോകം ഇനിയും നിശ്ശബ്ദതയിൽ ആണ്ടുപോയിട്ടില്ല. സർവ്വത്ര ഉത്സാഹവും ഉണർവും പ്രത്യക്ഷപ്പെട്ടിരുന്നു. എന്തോ ഒരു മഹാമഹത്തിൽ സംബന്ധിക്കുന്നതിനെന്ന വണ്ണം ആളുകൾ കൂട്ടംകൂട്ടമായി പൊയ്ക്കൊണ്ടിരുന്നു. അതേ; അതൊരു ക്രിസ്തുമസ്സ് രാത്രിയായിരുന്നു. ഈ കൂട്ടത്തിൽ മീററവും പുരാതനഗ്രാമമായ ആർദ്രേനസിലെ നിവാസികളും ഉത്സാഹഭരിതരായി, ദിവ്യ ഉണ്ണിക്കു കാഴ്ചകളും എടുത്തുകൊണ്ടു് തങ്ങളുടെ പഴയ പള്ളിയെ ലക്ഷ്യമാക്കി ഗമിച്ചിരുന്നു. സ്ഥലം തിരുക്കുടുംബം ആശുപത്രിയിൽ കൃട്ടികൾക്കായി ഒരു പുതിയ കെട്ടിടം പണിയുന്നതിനു് അന്നത്തെ നേർച്ച വരവു് വിനിയോഗിക്കുന്നതായിരിക്കുമെന്നു കാലേക്കൂട്ടി പരസ്യപ്പെടുത്തിയിരുന്നതിനാൽ, ഒരു നല്ല തുക നേർച്ചയായി കിട്ടുമെന്നായിരുന്നു എല്ലാവരുടേയും പ്രതീക്ഷ.

പീററർ എന്ന കുട്ടി തന്റെ എളിയ കാഴ്ചയായി ഒരു ചെമ്പുനാണയവും എടുത്തുകൊണ്ടു പള്ളിയിലേയ്ക്കു തിരിച്ചു. അവൻ വലിയ നിർദ്ധനനായിരുന്നതിനാൽ അവന്റെ അനേകദിവസത്തെ പരിശ്രമഫലമായി ലഭിച്ച ഏകസമ്പാദ്യമായിരുന്നു അതു്. തിക്കിത്തിരക്കി പള്ളിയകത്തേയ്ക്കു് കയറിപ്പോയിരുന്ന ജനക്കൂട്ടത്തെനോക്കി, "വല്ലതും തരണേ", എന്നു് യാചിച്ചുകൊണ്ടു് ഒരു ഭിക്ഷക്കാരി പള്ളിയുടെ കല്പടികളിൽ ഇരുന്നിരുന്നു. എന്നാൽ ആളുകളിൽ ഒരുത്തനെങ്കിലും ഇതിൽ അശേഷം ശ്രദ്ധപതിച്ചില്ല. നമ്മുടെ പീററർ ഭിക്ഷക്കാരിയുടെ യാചനാവാക്കുകൾ കേൾക്കയിൽ, "ഞാൻ എന്റെ ഉണ്ണിയേശുക്കായി കൊണ്ടുവന്നിട്ടുള്ള കാഴ്ച ഈ സാധുസ്ത്രീക്കു കൊടുക്കയോ?, ഒരിക്കലുമില്ല" എന്നു തന്നത്താൻ ചിന്തിച്ചുറച്ചുകൊണ്ടു് തന്റെ നാണയത്തെ ഒന്നുകൂടി മുറുക്കിപ്പിടിച്ചു. എന്നാൽ ആ വൃദ്ധയുടെ അപേക്ഷ വീണ്ടും കേൾക്കയും, ഇതോടുകൂടി മനസ്സലിഞ്ഞു് പീററർ തന്റെ നാണയത്തെ അവർക്കു കൊടുക്കയും, യാതൊരു കൃതജ്ഞതാവചനങ്ങൾക്കും കാത്തുനില്ക്കാതെ പള്ളിയിൽ പ്രവേശിച്ചു് ഒരു കോണിൽസ്ഥലം പിടിക്കയും ചെയ്തു.

പള്ളിയിലെ ദിവ്യകർമ്മങ്ങൾ അവസാനിച്ചു. എല്ലാവരും ദിവ്യഉണ്ണിയുടെ തൃപ്പാദം ചുംബിച്ചു് തങ്ങളുടെ കാഴ്ചകൾ അണയ്ക്കുന്നതിനായി

തിരുസ്വരൂപത്തിനു മുറവും തിക്കിക്കൂടി. എന്നാൽ, സാധു പീറ്ററർ, തനിക്കു് യാതൊരു കാഴ്ചയുമില്ലല്ലോ എന്നു ചിന്തിച്ചു് തുടിക്കുന്ന ഹൃദയത്തോടുകൂടി സ്വസ്ഥാനത്തു് നിന്നതേയുള്ളു. പക്ഷെ കാണിക്കയിടാതെ രൂപം മുത്തുന്നതു് മാനക്ഷയമെന്നു വിചാരിച്ചു് പള്ളിയിൽനിന്നും മണ്ടിക്കളയുന്ന ചില കുട്ടികളെപ്പോലെയല്ല അവൻ ചെയ്തതു്. സാവധാനത്തിൽ ദിവ്യഉണ്ണിയെ സമീപിച്ചുകൊണ്ടു് പീറ്ററർ അവിടുത്തെ ഉപ്പാടം മുഖിച്ചതോടുകൂടി അവന്റെ കണ്ണിൽ രണ്ടു തുള്ളികൾ പ്രത്യക്ഷപ്പെടുകയും, അവ കവിൾത്തടത്തെ അല്പനേരത്തേയ്ക്കു് പ്രശോഭിപ്പിച്ചതിനുശേഷം അടുത്തിരുന്ന നേർച്ചപ്പാത്രത്തിൽ പതിച്ചു; അതിലുണ്ടായിരുന്ന സ്വർണ്ണനാണയങ്ങളുടെമീതെയിൽ മിന്നിപ്രകാശിച്ചു.

പ്രതീക്ഷയിൽ കവിഞ്ഞതായ ഒരു തുക നേർച്ചയായി കിട്ടുകയുണ്ടായെന്നും, അതിൽ എത്രയും വിലയേറിയ രണ്ടു രത്നങ്ങൾ ഉണ്ടായിരുന്നതു ആരു കാണിക്കയിട്ടതാണെന്നറിവാൻ ആഗ്രഹമുണ്ടെന്നും ആർദ്രേനസ്സു് പള്ളിയുടെ ബഃ വികാരിഅച്ചൻ അടുത്ത തൊഴിലാളി ജനങ്ങളെ അറിയിച്ചു. പക്ഷെ ഇതുകൊണ്ടു് ആ ആളെപ്പറ്റി യാതൊരു തുമ്പും കിട്ടിയില്ല. അതിനാൽ ഒരോരുത്തർ നേർച്ചയിട്ട തുക ബഃ വികാരിയച്ചനെ അറിയിക്കണമെന്നു് വീണ്ടും ഒരു കല്പനകൊടുത്തു. ഇതുമായപ്പോൾ നമ്മുടെ പീറ്ററർ വല്ലാതെ കുഴങ്ങി സ്സ്തോത്രകൂട്ടികളിൽ താൻമാത്രം യാതൊന്നും കൊടുത്തിട്ടില്ലെന്നു് സഹപാഠികൾ അറിയുമല്ലോയെന്ന വിചാരം അവനെ വളരെ വേദനിപ്പിച്ചു.

പക്ഷെ ഈ ശ്രമവും നിഷ്ഫലമായതേയുള്ളു. ഏതായാലും രത്നങ്ങൾ വിറ്റുകിട്ടിയ പണംകൊണ്ടു നിശ്ചയിച്ച കെട്ടിടംപണി വേഗം നിവ്വഹിക്കയും, സ്ഥലമെത്രാൻതന്നെ പുതിയ കെട്ടിടം ഉൽഘാടനംചെയ്തു് ദിവ്യഉണ്ണിക്കു് പ്രതിഷ്ഠിക്കയുംചെയ്തു. പ്രസ്തുത മഹോത്സവത്തിൽ സംബന്ധിക്കുന്നതിനായി പണസഹായം ചെയ്തിട്ടുള്ള എല്ലാവരേയും ക്ഷണിക്കയുമുണ്ടായി. പക്ഷെ നമ്മുടെ പീറ്ററർ മാത്രം അകത്തേയ്ക്കു കടന്നുപോകുന്ന ആൾക്കൂട്ടത്തെനോക്കിക്കൊണ്ടു് ചില ഭിക്ഷക്കാരോടൊന്നിച്ചു് പടിക്കൽതന്നെ നിന്നിരുന്നു.

നമ്മുടെ കഥ ഇവിടെ അവസാനിക്കുന്നു എന്നാൽ എപ്പോഴെങ്കിലും ഒരാൾ ആർദ്രേനസ്സിലെ തിരുക്കുടുംബം ആഗ്രഹപൂർത്തി സങ്കൽപ്പിക്കുന്നതായാൽ അവിടെ കൂട്ടികൾക്കായുള്ള കെട്ടിടത്തിൽ ഈ രത്നങ്ങളുടെ കഥ വളരെ മനോഹരമായ അക്ഷരങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നതായിക്കാണാം. അവസാന വിധിദിവസത്തിൽ മാലാഖ ഗുരുനാഥകാണിക്കു

ന്ന ആ പുസ്തകത്തിൽനിന്ന് ഈ അജ്ഞാതനായ ഉപകാരിയുടെ പേ
ര് നമുക്കെല്ലാവക്കും വായിച്ചറിവാൻ ഇടയാകും.

വേദസാക്ഷിയായ ഒരു വൈദികൻ.

ഈ ലക്കം ൯൯൨-ാം പക്ഷംതുടർച്ച.

ഫാദർ പ്രോ മരിച്ച വൃത്താന്തംകേട്ടയുടനെ മെക്സിക്കൻജനങ്ങൾ അദ്ദേഹത്തെക്കുറിച്ചു പറഞ്ഞ അഭിപ്രായംതന്നെ അദ്ദേഹത്തിന്റെ നിരപരാധിതയെയും വിശുദ്ധിയേയും തെളിയിക്കുന്നുണ്ട്. അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ സഹോദരന്റേയും ശവപ്പെട്ടികൾ ഇരുന്നിരുന്ന സ്ഥലത്തെ എതെല്ലാം തരക്കാരായ എത്രയെത്ര ജനങ്ങളാണ സന്ദർശനം നടത്തിയതെന്നുള്ളതിനു കണക്കും കൈയുമില്ല. സന്ദർശകന്മാർ സകലരും വാവിട്ടു കരയുകയും മരിച്ചവരെ വേദസാക്ഷികളായിക്കരുതി വന്ദിക്കയും അവരുടെ ശവപ്പെട്ടികൾ മുത്തുകയും ജപമാലകൾ മുതലായ ഭക്തികൃത്യങ്ങൾ കൊണ്ടുവന്ന ശവപ്പെട്ടിയുടെ സ്പർശം ഏല്പിച്ചുകൊണ്ടുപോകയും ചെയ്തു. ഒരു സ്ത്രീ പത്തുവയസ്സായ തന്റെ മകന്റെ കൈപിടിച്ചു തിരുമിക്കൊണ്ടു ഇങ്ങിനെ പറഞ്ഞു. "എന്റെ മകനെ ഈ രക്തസാക്ഷികളുടെമേൽ നീ കണ്ണുകളുറപ്പിക്കുക. അതിനാണ് നിന്നെ ഞാൻ ഇവിടെ കൊണ്ടുവന്നതു്. നീ ഇപ്പോൾ കാണുന്ന കാഴ്ച നിന്റെ മനസ്സിൽ അഗാധമായി പതിയണം. എന്നാൽ നീ വളരുമ്പോൾ ക്രിസ്തീയ വിശ്വാസത്തെ സംരക്ഷിപ്പാനായി പ്രാണൻ ത്യജിക്കുന്നതെങ്ങിനെയാണെന്നു നിനക്കു നല്ല അറിവുണ്ടാകും. അവർ മരിച്ചതുപോലെ നിരപരാധിതയോടും ധീരതയോടും മരിപ്പാൻ നിനക്കു വശമാവും".

ഒരു വയസ്സിലധികം പ്രായമുള്ള ആളായ ഫാദർ പ്രോയുടെ പിതാവു് തന്റെ രണ്ടു നിർമ്മല സന്താനങ്ങളെയും ദൈവത്തിനു സമർപ്പണം ചെയ്തുകൊണ്ടു ശവപ്പെട്ടികളുടെ മദ്ധ്യത്തിൽ മുട്ടുകുത്തിനിന്നു. വാസനിക്കുന്നവരെ ആശ്വസിപ്പിക്കുന്നതിന്നായി ആ വൃദ്ധൻ ഇങ്ങിനെ പറഞ്ഞു:— "ഫാദർ ഒരു അപ്പസ്തോലനായിരുന്നു. എന്റെ (മറ്റൊരുമകൻ) ഹംബർട്ടൊ അവന്റെ ജീവിതകാലം മുഴുവൻ ഒരു മാലാഖയായിരുന്നു. അവർ ദൈവത്തിനുവേണ്ടി മരിച്ചിരിക്കുന്നു. അവിടന്നൊന്നിച്ചു ഇപ്പോൾ സ്വർഗ്ഗത്തിൽ ആനന്ദിക്കയും ചെയ്യുന്നു".

രാത്രിയിൽ ദിവ്യകുർബ്ബാന അരുളിക്കയിലാക്കി രണ്ടു ശവപ്പെട്ടികളും മാറിമാറി എഴുന്നള്ളിച്ചു വയ്ക്കപ്പെട്ടു. പണ്ടു റോമയിലെ മതപീഡകാലത്തെ അതു ഓർമ്മപ്പെടുത്തി. ഇവരുടെ മറ്റൊരു സഹോദരനായ റോബെർട്ടൊവിനെ അവർ കാത്തുനിന്നു. റോബർട്ടൊ വിശ്വാസത്തിനുവേണ്ടി ജെയിലിൽ കിടക്കുകയാണു്. സഹോദരന്മാരുടെ ശവസംസ്കാരകർമ്മത്തിൽ സംബന്ധിക്കുന്നതിനു അയാൾക്കനുവാദമുണ്ടെന്നു കേട്ടതിനാലാണ് അയാളുടെ വരവു കാത്തുനിന്നതു്. അയാൾ വന്നാൽ അയാൾക്കു വി. കുർബ്ബാന കൊടുക്കണമെന്നും തീർച്ചപ്പെടുത്തിയിരുന്നു. അതിനുവേണ്ടിയാണ് കുർബാന അവിടെ സൂക്ഷിച്ചിരുന്നതു്. എന്നാൽ അയാൾക്കനുവാദം കിട്ടിയില്ലെന്നറിഞ്ഞു അവർ ഇരമ്പാഭംഗപ്പെടുകയാണുണ്ടായതു്. എങ്കിലും അയാൾ വരും വരും എന്നുള്ള ആശയാൽ രാത്രിമുഴുവനും അവർ കുർബാനയെഴുന്നള്ളിച്ചുവച്ചാരാധന നടത്തിക്കൊണ്ടിരുന്നു. മരിച്ച രണ്ടുപേർക്കുംവേണ്ടി രാവിലെ കുർബാന നടത്തപ്പെട്ടു. എല്ലാവരും ദിവ്യകാരുണ്യം ഉൾക്കൊള്ളുകയും ചെയ്തു. പല പുരോഹിതന്മാരും ആ ചടങ്ങിൽ പരസ്യമായി സംബന്ധിച്ചു.

മൂന്നുമണിയ്ക്കു സംസ്കാരകർമ്മം ആരംഭിച്ചു. വലിയ ഒരു ഘോഷയാത്രയും അതിനോടനുബന്ധിച്ചുണ്ടായി. ശവപ്പെട്ടി ചുമക്കുന്നതിനു എന്റെ തോൾ എന്റെ തോൾ എന്നു പുരോഹിതന്മാർ തമ്മിൽ മത്സരമായിരുന്നു. ഫാദർ പ്രോയുടെ ശവശരീരം അടങ്ങിയ പെട്ടി വെളിയിലേക്ക് എടുക്കാറായി എന്നുള്ള അറിയിപ്പു കേട്ടപ്പോൾ അവിടെ കൂടിയിരുന്ന ജനസംഘത്തിനിടയിൽ നിശ്ശബ്ദത പരന്നു. ആ പെട്ടിഎടുത്തുകൊണ്ടു വീട്ടുപടിയിൽ വന്നപ്പോൾ "ക്രിസ്തുരാജൻ ചിരം ജയിക്കട്ടെ" എന്നു ജനങ്ങൾ ഒത്തൊരുമിച്ചു ജയഘോഷം മുഴക്കി. കാറുകളിലായും കാൽനടയായും ഇരുപതിനായിരം ജനങ്ങൾ ശവർമേണ്ട പ്രീതിയെ അഗണ്യമാക്കി ഘോഷയാത്രയിൽ സംബന്ധിച്ചു. വഴിയിൽ ജയഘോഷങ്ങളും ആപ്പുവിളികളും പ്രാർത്ഥനകളും മുഴങ്ങിക്കൊണ്ടിരുന്നു: "ഈ വിശുദ്ധ വേദസാക്ഷികൾ ദീർഘകാലം ജയിക്കട്ടെ! പരിശുദ്ധ പിതാവായ മാപ്പാപ്പാ നിണാൽ ജീവിക്കട്ടെ! നമ്മുടെ മെത്രാന്മാർ സുചിരംലസിക്കട്ടെ! നമ്മുടെ പുരോഹിതർക്കു ദീർഘജീവിതം! മതത്തിനു സുചിരപ്രതിഷ്ഠ! കർത്താവെ നിനക്കു ഇനിയും വേദസാക്ഷികളെ ആവശ്യമെങ്കിൽ, ഇതാ ഞങ്ങളുടെ രക്തം! ഇതാ ഞങ്ങളുടെ ജീവിതം!" എന്നിങ്ങിനെയുള്ള മുറവിളികൾ ആകാശത്തിൽ എങ്ങും മാറ്റൊലിക്കൊണ്ടു. അന്നു ഒഴിവുള്ള ദിവസമായിരുന്നില്ലെങ്കിലും വലുതായ ഒരു

ജനക്കൂട്ടം സംസ്കാരസ്ഥലത്തുംകൂടി നിൽപ്പുണ്ടായിരുന്നു. ഹംബോസഭക്കാരുടെ കവറിടത്തിങ്കൽ ശവപ്പെട്ടി വയ്ക്കുന്നസമയം ഒരു മൊട്ടസൂചി താഴെവീണാൽക്കൂടി കേൾക്കാമായിരുന്നു. "ക്രിസ്തുരാജന്റെ ആദ്യത്തെ ജെസ്വിത്ത് വേദസാക്ഷി ദീർഘകാലം വിജയിക്കട്ടെ" എന്നു ഉടനെതന്നെ ജനാവലി മുറവിളിച്ചുപോയി. ഹംബർട്ടോവിന്റെ ശവപ്പെട്ടി കുഴിമാടത്തിൽ വച്ചിട്ട് പിതാവായ വൃദ്ധൻതന്നെ അതിന്റെമേൽ ആദ്യം മണ്ണിടുന്ന കാഴ്ച അതി ഹൃദയകരമായ ഒന്നായിരുന്നു. ആ വൃദ്ധൻ ശാന്തതയോടെ അതു ചെയ്തിട്ട് "ഇതാ കഴിഞ്ഞു. ദൈവത്തിനു സ്തോത്രം" എന്നു പറഞ്ഞു പിൻവാങ്ങി. ഇതാണ് ഫാദർ പ്രോയുടെ കഥ. അദ്ദേഹം ഇന്നത്തെ ഒരു രക്തസാക്ഷിയാണ്; വിശ്വാസത്തിനുവേണ്ടി പ്രാണത്യാഗംചെയ്ത ഒരുവനാണ്. സമർത്ഥനും ധീരനും പ്രാപ്തനും നേരമ്പോക്കുകാരനും ചൊടിയനുമായ അദ്ദേഹം ഇങ്ങിനെയാണ് നമ്മുടെ ഇടയിൽനിന്നു മറഞ്ഞതു്. ഫാദർ പ്രൊ ക്രിസ്തുവിന്റെ അരൂപിയോടെ ജീവിക്കയും വേദസാക്ഷിയുടെ അരൂപിയോടെ മരിക്കയുംചെയ്തു. അതുകൊണ്ടും ആയില്ല. മെക്സിക്കോവിലെ ജനങ്ങൾ അദ്ദേഹം ഒരു വിശുദ്ധനാണെന്നു പറയുന്നു. ഇതേപ്പറ്റിയന്വേഷണം ചെയ്തു, വേണ്ടതു പ്രവൃത്തിപ്പാൻ റോമയിൽനിന്നു ഉടൻതന്നെ കല്പിച്ചേക്കാനുമിടയുണ്ട്. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥത്താൽ അനുഗ്രഹങ്ങൾ സിദ്ധിച്ച വിവരങ്ങൾ തെളിവിൽ വന്നിട്ടുണ്ട്. സ്പെയിനിൽ ബാർസലോണായിലെ ഒരാൾക്ക് ഫാദർ പ്രോയോടു പ്രാർത്ഥിച്ചു രോഗശമനം ലഭിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ രക്തംപുരണ്ട തുണികൾനിമിത്തം അത്ഭുതങ്ങൾ പലതും ഉണ്ടായതായി പറയപ്പെടുന്നുണ്ട്. "ഫാദർ പ്രോയുടെ മദ്ധ്യസ്ഥതയാൽ അത്ഭുതകരമായ രോഗശാന്തിയും ആനുകൂല്യങ്ങളും ദിനസരി വർദ്ധിച്ചുവരുന്നു. മെക്സിക്കോവിൽനിന്നുമാത്രമല്ല, ശ്വാസലജറാ, വൂബ്ല, എൽവാസൊ മുതലായ മറ്റു സ്ഥലങ്ങളിൽനിന്നും രോഗശാന്തിയെ സംബന്ധിച്ച വിവരങ്ങൾ കിട്ടുന്നുണ്ട്" എന്നാണ് ഇതിനെക്കുറിച്ചുന്വേഷിച്ച ഒരു വലിയ അധികാരി ഇതിനിടെ എഴുതിയ ഒരു കത്തിൽ കാണുന്നതു്.

സമുദ്രത്തിന്റെ അപ്പസ്തോലസ്വഭാവത്താൽ പ്രസിദ്ധപ്പെടുത്തപ്പെട്ട ഒരു കണക്കിനാൽ ബ്രിട്ടീഷു കടൽ സൈന്യത്തിൽ ഏതാണ്ടു കത്തോക്കാ ഉദ്യോഗസ്ഥന്മാരാണ് ആകപ്പാടെയുള്ളതെന്നുകാണുന്നു.

കൃതജ്ഞതാപ്രകാശനം.

വി. ചെറുപുഷ്പത്തിന്റെ സഹായത്താൽ കൂടുതൽ രമ്പേളം കിട്ടിയതിനു നന്ദിയായി ഫ്ര. അയക്കുന്നു. കെ. പി. അന്തോ, പള്ളുരുത്തി. വി. അന്തോനിയോസിന്റെയും ചെറുപുഷ്പത്തിന്റെയും മദ്ധ്യസ്ഥതയിൽ ഉളിഷ്കായ്ക്കും സാധിച്ചതിനു ഫ്ര. അയക്കുന്നു. പി ജെ. ആലപ്പാട്ട്. കൊച്ചുത്രേസ്യപുണ്യവതിയുടെ സഹായത്താൽ ഉദ്ദേശിച്ചകായ്ക്കും സാധിച്ചതിനു നന്ദിയായി ഫ്ര. അയക്കുന്നു. കന്നപ്പിള്ളി പയ്യപ്പിള്ളി തോമൻ, മറ്റൂർ വി അന്തോനിയോസിന്റെയും ചെറുപുഷ്പത്തിന്റെയും പ്രത്യേക മദ്ധ്യസ്ഥതയാൽ ഉളിഷ്കായ്ക്കും സാധിച്ചതിനു നന്ദിയായി ഫ്ര. അയക്കുന്നു മിസ്സ് മേരി ജെ പുല്ലൻ ഞാറക്കൽ വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ആടിനെ കണ്ടുകിട്ടി. നന്ദിയായി ഫ്ര. അയക്കുന്നു മിസിസ്സ് കെ. സി. പൈലി. പി കൊച്ചുത്രേസ്യായുടെ സഹായത്താൽ ഉളിഷ്കായ്ക്കും സാധിച്ചതിനു നന്ദിയായി ഫ്ര. അയക്കുന്നു. പി സി റോസ്, ചെങ്ങൽകണ്ടവൻറ്.



തിരുസഭയിലെ കർദിനാളന്മാർ സാധാരണയായി ധനികന്മാരായിരിക്കയില്ല. പരേതനായ കർദ്ദിനാൾ ഒഡെസ്കാലും അപ്രകാരംതന്നെ. അദ്ദേഹത്തിന്റെ സ്വത്തും വസ്തുവകകൾക്കു നാലായിരത്തിൽ ചിലപ്പോൾ പവൻ മാത്രമേ വിലപിടിക്കൂ. ആ സ്വത്തെല്ലാം തങ്ങൾക്കു യുക്തമെന്നു തോന്നുന്നവിധത്തിൽ ഉപയോഗിച്ചുകൊള്ളുന്നതിലേക്കായി മൂന്നു ട്രസ്റ്റികളെ ഏല്പിച്ചിരിക്കുന്നു.

* * * * *

മുമ്പു മാപ്പാപ്പായുടെ പാരീസിലെ സ്ഥാനാപതിയായിരുന്ന കർദ്ദിനാൾകൂടെയും രണ്ടു കമ്മ്യൂണിസ്റ്റുകാരും തമ്മിൽ നടന്നിരുന്ന കേസിൽ കർദ്ദിനാളവർകൾ വിജയിച്ചിരിക്കുന്നു. ഇവരിൽ ഒരാൾ ഒരു പ്രസംഗക്കാരനും മറ്റേയാൾ ഒരു പത്രലേഖകനുമാണ്. അവർ കർദ്ദിനാളവർകളെക്കുറിച്ചു ചെയ്തിരുന്ന ചില ആക്ഷേപങ്ങളെ തെളിയിപ്പാൻ അശക്തരാകായ്കയാൽ തോറ്റുപോകയാണു ചെയ്തത്.





എറണാകുളം അതിരൂപതയുടെ മഹാ വന്ദ്യ ദിവ്യ ശ്രീ കണ്ടത്തിൽ മാർ ആഗസ്തീനോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ അംഗീകരണം സിദ്ധിച്ചിട്ടുള്ളതും വരാപ്പുഴ അതിരൂപതയിലും ഇൻഡ്യയിൽ പലെ രൂപതകളിലും ഉപയോഗിച്ചുവരുന്നതുമായ "മെറും" കുബ്ബാനവീഞ്ഞു് താഴെ കാണുന്ന മേൽവിലാസത്തിൽ എപ്പോൾ ആവശ്യപ്പെട്ടാലും തയാറുണ്ടു്.

എറണാകുളത്തുനിന്നു തിരുവിതാംകൂർ അതൃത്തിയിലുള്ള പള്ളികളിലേക്കോ തിരുവിതാംകൂർ അതൃത്തി കടത്തി കൊച്ചി അതൃത്തിയിലുള്ള പള്ളികളിലേക്കോ വീഞ്ഞു് കൊണ്ടുപോകുന്നതിനു വേണ്ടിവരുന്ന രഹദാരികൾ ആവശ്യക്കാരുടെ ചിലവിന്മേൽ ഞങ്ങൾ നേരിട്ടു അപേക്ഷിച്ചു വരുത്തികൊടുക്കുന്നതാണു്.

വില കുപ്പി ഫ്രക്ക് വ കാ. മാത്രം.

ഫ്രവ്വൻൻ-മുതൽ ഇതേവരെ ക്രമമായ വിധത്തിലും മിതമായ വിലയ്ക്കും പള്ളികളിലേക്കു് വീഞ്ഞു കൊടുത്തുവരുന്ന ഞങ്ങളെ യഥാശക്തി സഹായിപ്പാറാവണം.

മെസ്സേഴ്സ് വളവി ആൻറ് കമ്പനി.
വൈൻ കച്ചവടം,—എറണാകുളം.

വില ആദ്യം. നല്ല സാമാനം. ക്രൂലി ആദ്യം

മരാകൊണ്ടുള്ള എല്ലാത്തരം സാമാനങ്ങളും കാലോചിതമായ രീതിയിൽ പണിചെയ്തുകൊടുപ്പാനും പണിതു തയ്യാർചെയ്തിട്ടുള്ളതു് മിതമായ വിലക്കു വില്പാനും ഞങ്ങളുടെ വക്കഷോപ്പിൽ എപ്പോഴും തയാറുണ്ടു. എല്ലാത്തരം ആഘോഷങ്ങൾക്കും, കല്യാണ അടിയന്തിരത്തിനും പറിയ ചമയങ്ങൾക്കുള്ള വിവിധ സാമാനങ്ങൾ ആച്ചുകൾ, മണിക്കോലം മുതലായവ കൂലിക്കു കൊടുപ്പാനും ഞങ്ങൾ തയ്യാർ ചെയ്തിരിക്കുന്നു. പലെമഹാന്മാരും ഉപയോഗിച്ചു അവരുടെ പ്രശംസയും കീർത്തിമുദ്രയും പാത്രീഭവിച്ചിട്ടുള്ള ഞങ്ങളുടെ ആച്ചും മണിക്കോലവും മാന്യമഹാജനങ്ങൾ ഒന്നു പരീക്ഷിച്ചു നോക്കുവിൻ.

സി. ഡി. ആഗസ്റ്റിൻ & ബ്രദേഴ്സ്
ഫർണിച്ചർ മാർട്ടു്,
ബ്രോഡ്വേ—എറണാകുളം.

"കഥാചന്ദ്രിക" യുടെ വരിസംഖ്യ.

കൊല്ലത്തിൽ ഏകദേശം ഒരുറുപ്പിക മാത്രമാണ്. ആറു മാസത്തെ വരിസംഖ്യയെങ്കിലും മുൻകൂറായിട്ടല്ലാതെയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

മാനേജിങ്ങ് എഡിറ്റർ, "കഥാചന്ദ്രിക"
മെത്രാപ്പോലീത്തൻപള്ളി, എറണാകുളം.

ദന്തചികിത്സ.

പല്ലുകൾ മുഴുവനായി തയ്യാറാക്കികൊടുക്കുക, സ്വർണ്ണപ്പല്ലുകൾ വെച്ചുകൊടുക്കുക, വേദനകൂടാതെ പിഴുതെടുക്കുക, ദ്രവിച്ചുള്ള പല്ലുകൾ വെള്ളികൊണ്ടു അടക്കുക മുതലായ ജോലികൾ മിതമായ നിരക്കിൽ എപ്രകാരവും തൃപ്തികരമായവിധം ചെയ്തുകൊടുക്കുന്നതാണ്. എല്ലാദിവസവും ദീനക്കാരെ സ്വീകരിക്കും. പരിശോധനകൾക്കും ഉപദേശങ്ങൾക്കും പ്രതിഫലം ആവശ്യമില്ല. ഒരിക്കൽ പരിക്ഷിക്കുന്നതുകൊണ്ടുതന്നെ ആക്കും പൂർണ്ണതൃപ്തിവരും.

ഡോക്ടർ സി. ഒ. ലാസർ, സി. ഡി എസ്സ്,
ബ്ലോഡ് വെ.—എറണാകുളം.



പലേ കീർത്തിമുദ്രകളും
വീരശൃംഖലകളും ലഭിച്ചിട്ടുള്ള
ജെ. അഗസ്റ്റിൻ പത്യാല ആർട്ട് സൺസ്സ്
ഐ. എവ്. പ്രസ്സ് റോഡ്, എറണാകുളം.

സകലവിധ അർത്താരണികൾ, ചിത്രവരകൾ, റോട്ടോ വർണ്ണങ്ങൾ, കൊത്തുരൂപങ്ങൾ (മരത്തിലും മണ്ണിലും ഓടിലും) ചെയ്തുകൊടുക്കാൻ തയ്യാർ. സ്വാഭാവിക വർണ്ണങ്ങൾ, വിശിഷ്ടതങ്കവേല, ജീവതുല്യമായ പളുങ്കുകണ്ണുകൾ.

കേരളത്തിലെ മെത്രാന്മാരാൽ അംഗീകരിക്കപ്പെട്ടപുരാതന പ്രതിഷ്ഠാക്കാരെ പ്രോത്സാഹിപ്പിക്കുവിൻ. മിതമായ നിരക്ക്—മേൽ അഡ്രസ്സ് വരുന്നു.

Printed and published by Rev. Jacob Naduvathuchery [illegible]
"Mar Louis Memorial" Press — Ernakulam.